ESTD-1968
# ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക

2024 നവംബർ 21 | ദീപം 57 | നാളം 37 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

# ട്രംപിന്റെ രണ്ടാംവരവ് പ്രതീക്ഷയോടെ ലോകം



അനിൽ ജെ. തയ്യിൽ

2024 നവംബർ 6. ലോകം അമേരിക്കയിലേക്കും ഡൊണാൾഡ് ട്രംപിലേക്കും ചുരുങ്ങിയ ദിനം! ട്രംപാരവം ഒടുങ്ങാത്ത വൈറ്റ്ഹൗസിന്റെ ഇടനാഴികളിൽ ലോകം തിരയുന്നത് സമാധാനത്തിന്റെയും സുസ്ഥിര സമ്പദ്‌വ്യവസ്ഥയുടെയും പുതിയ ഭൂമികകൾ.

അതേ, ലോകം മിഴിതുറന്നിരിക്കുന്നത് ട്രംപിലേക്കു തന്നെ. എല്ലാ മാധ്യമറിപ്പോർട്ടുകളെയും ചവറ്റുകുട്ടയിൽ തള്ളി അത്യന്തം ആധികാരികമായ വിജയത്തോടെയാണ് ഒരു ക്രിസ്ത്യാനിയെന്ന് അഭിമാനത്തോടെ ഏറ്റുപറയുന്ന റിപ്പബ്ലിക്കൻസ്ഥാനാർഥി ഡൊണാൾഡ് ട്രംപ് വൈറ്റ്ഹൗസിന്റെ പടിചവിട്ടുന്നത്. രണ്ടാമൂഴത്തിൽ 538 ൽ 301 ഇലക്ടറൽ വോട്ടുകളോടെ ട്രംപ് കണ്ണഞ്ചുംവിജയം നേടിയപ്പോൾ എതിർസ്ഥാനാർഥി കമലാ ഹാരിസ് ഡെമോക്രാറ്റിക് പാർട്ടിയുടെ ബാനറിൽ നേടിയത് 226 എണ്ണംമാത്രം! സമ്പൂർണഫലം പുറത്തുവരാൻ ഇനിയും ദിവസങ്ങൾ കഴിഞ്ഞേക്കും. എങ്കിലും സെനറ്റിലും ജനപ്രതിനിധി സഭയിലും റിപ്പബ്ലിക്കൻ പാർട്ടി ഭൂരിപക്ഷം നേടിയത് ട്രംപിന്റെ വർധിച്ച ജനപ്രീതിക്കു തെളിവായതിനൊപ്പം ഭരണപരമായ കാര്യങ്ങളിൽ കൂടുതൽ ആധികാരികത ലഭിക്കാനും ഇടയാക്കും.

2016 ൽ ഹിലാരി ക്ലിന്റനോടു ജനകീയവോട്ടിൽ പിന്നിലായിരുന്ന ട്രംപ് ഇത്തവണ കമലാ ഹാരിസിനെക്കാൾ അമ്പതുലക്ഷത്തിലേറെ വോട്ടുകൾ കൂടുതൽ നേടിയാണ് പകരംവീട്ടിയത്. അമേരിക്കയുടെ നാല്പത്തിയേഴാമതു പ്രസിഡന്റായ അദ്ദേഹത്തിനു തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും പ്രായം കൂടിയ യു.എസ്. പ്രസിഡന്റ് എന്ന (78 വയസ്സ്) പ്രത്യേകതയുമുണ്ട്. 127 വർഷങ്ങൾക്കു ശേഷമാണ് ഒരിക്കൽ പ്രസിഡന്റുപദത്തിലിരുന്ന് പിന്നീട് പരാജയപ്പെട്ട ഒരു സ്ഥാനാർഥി വീണ്ടും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുന്നത്. അരിസോണ, ഫ്ളോറിഡ, മിഷിഗൻ, മോണ്ടാന, നെവാദ, നോർത്ത് കരോലിന, ഓഹിയോ, പെൻസിൽവാനിയ, ടെക്സാസ്, വിസ്കോൺസിൽ എന്നീ സ്വിങ് സ്റ്റേറ്റുകൾ തൂത്തുവാരിയാണ് ഇഞ്ചോടിഞ്ചു പോരാട്ടം എന്ന ഡീപ്സ്റ്റേറ്റ് മാധ്യമപ്രചാരണത്തിന്റെ മുനയൊടിച്ച് ട്രംപ് ബഹുദൂരം മുന്നിലെത്തിയത്. ഒരു പാർട്ടിക്കും സ്ഥിരമായി വോട്ടു ചെയ്യാത്ത അമേരിക്കൻ സംസ്ഥാനങ്ങളെയാണ് സ്വിങ് സ്റ്റേറ്റുകൾ എന്നു വിശേഷിപ്പിക്കുന്നത്. വിജയം നിർണയിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നു എന്ന നിലയിൽ ഇവയ്ക്ക് ഏറെ പ്രാധാന്യമുണ്ട്.

## വിജയവഴികൾ

ഡെമോക്രാറ്റിക്സ്ഥാനാർഥി കമലാ ഹാരിസ് ഉൾപ്പെടുന്ന അമേരിക്കൻ ഡീപ് സ്റ്റേറ്റും ആഗോള ഇടതുചേരിയും തീവ്ര ഇസ്ലാമിസ്റ്റുകളും ഒന്നടങ്കം വലതുദേശീയതയുടെ ശക്തനായ വക്താവും പ്രതീകവുമായ ട്രംപിനെതിരേ വിവിധ തലങ്ങളിലാണ് ആക്രമണം അഴിച്ചുവിട്ടത്. ലോകമാധ്യമങ്ങളെ മുഴുവൻ വിലയ്ക്കെടുത്ത അവർക്കു പക്ഷേ, 'അമേരിക്ക ഫസ്റ്റ്' എന്ന മുദ്രാവാക്യത്തിലൂന്നിയുള്ള ട്രംപിന്റെ ദേശീയതാപ്രചാരണത്തിൽ അടിതെറ്റി. നിരവധി കേസുകളും പ്രതികൂലവിധികളും ട്രംപിനെതിരേ സൃഷ്ടിച്ചെടുത്തെങ്കിലും ലോകമൊട്ടാകെ നടക്കുന്ന വലതുപക്ഷമുന്നേറ്റത്തോടൊപ്പം അമേരിക്കൻജനതയും പങ്കുചേരുന്നതാണ് അമേരിക്കയിൽ കണ്ടത്.

ബൈഡൻഭരണത്തിന്റെ അവസാനകാലമായപ്പോഴേക്കും സംഭവിച്ച സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായ്മയുടെ രൂക്ഷതയും ജനങ്ങളെ അസ്വസ്ഥരാക്കി. ഈ വേളയിൽ അനധികൃതകുടിയേറ്റക്കാരെ നാടുകടത്തുമെന്ന ട്രംപിന്റെ വാഗ്ദാനം മധ്യവർഗക്കാരെയും സാധാരണക്കാരെയും ആകർഷിച്ചു. അതിലൂടെ അവർക്കു ലഭിച്ചത് തൊഴിൽസുരക്ഷയുടെ ഉറപ്പുകൂടിയായിരുന്നു. 1.3 കോടിയാണ് അനധികൃതകുടിയേറ്റക്കാരുടെ എണ്ണമെന്നിരിക്കേ അമേരിക്കയുടെ ഭാവിയിലൂന്നിയുള്ള ദേശീയതാവാദമുയർത്തിയ ട്രംപിനെ പ്രതിരോധിക്കാൻ കമലാ ഹാരിസിനോ ഡെമോക്രാറ്റിക്പാർട്ടിക്കോ സാധിച്ചില്ല. ബൈഡന്റെ ഭരണകാലത്ത് അമേരിക്കയ്ക്കു ലോകക്രമത്തിൽ സ്വാധീനം നഷ്ടപ്പെടുന്നതു ചൂണ്ടിക്കാണിച്ച ട്രംപ് 'മേക് അമേരിക്ക ഗ്രേറ്റ് എഗൈൻ' എന്ന മുദ്രാവാക്യത്തിലൂടെ അമേരിക്കൻഹൃദയങ്ങളെ ആളിക്കത്തിച്ചു.

എല്ലായ്പോഴും റിപ്പബ്ലിക്കൻ പാർട്ടിക്ക് എതിരായിരുന്ന സ്പാനിഷ്പാരമ്പര്യമുള്ള ഹിസ്പാനിഷ്വിഭാഗക്കാരും കറുത്ത വർഗക്കാരും ഇത്തവണ ട്രംപിനെ പിന്തുണച്ചു. ചെറുകച്ചവടങ്ങൾ നടത്തി ജീവിക്കുന്ന ഹിസ്പാനിഷ് വിഭാഗക്കാർക്ക് തങ്ങളുടെ ബിസിനസ്മേഖലയ്ക്ക് ഉണർവു നൽകാൻ ട്രംപിനേ സാധിക്കൂ എന്ന ബോധ്യമാണുണ്ടായത്.

ട്രംപിനെതിരേ തിരഞ്ഞെടുപ്പുകാലത്തുണ്ടായ മൂന്നു വധശ്രമങ്ങളും അദ്ദേഹത്തിന്റെ വിജയത്തിൽ നിർണായകമായി. തീവ്ര ഇസ്ലാമിസ്റ്റുകൾക്കു നേതൃത്വം കൊടുക്കുന്ന ഇറാനാണ് അവയ്ക്കു പിന്നിലെന്നു വ്യക്തമാണ്. ഇസ്ലാമികഭീകരതയ്ക്കു സഹായം നൽകുന്ന രാജ്യങ്ങളും തീവ്ര ഇസ്ലാമിസ്റ്റുകളും ട്രംപിനെതിരേ നടത്തിയ കുപ്രചാരണങ്ങളെല്ലാം അവർക്കുതന്നെ തിരിച്ചടിയായി.

## പശ്ചിമേഷ്യയും യുക്രെയ്നും

ലോകത്ത് യുദ്ധങ്ങൾ അവസാനിപ്പിക്കാൻ ട്രംപിനേ കഴിയൂ എന്നു ലോകജനതയ്ക്കൊപ്പം അമേരിക്കൻജനതയും വിശ്വസിക്കുന്നതിന്റെ പ്രതിഫലനമാണ് അദ്ദേഹത്തിന്റെ ഈ മിന്നുംവിജയം. അമേരിക്കയിൽ അറബ് മുസ്ലിം ഭൂരിപക്ഷമുള്ള മിഷിഗൻ സ്റ്റേറ്റിലെ ഡിയർ ബോൺ നഗരത്തിൽ ട്രംപിനു മൃഗീയഭൂരിപക്ഷമാണു ലഭിച്ചത്. യുദ്ധം അവസാനിപ്പിക്കാനും ഇസ്ലാമികഭീകരതയുടെ ഫലമായി പശ്ചിമേഷ്യയിലുണ്ടായ യുദ്ധക്കെടുതിയിൽനിന്ന് അതിൽ പങ്കില്ലാത്ത മുസ്ലിം സഹോദരങ്ങളെ രക്ഷിക്കാനും ട്രംപ് ജയിക്കണമെന്ന വികാരമാണ് അവർ അൽ ജസീറ അടക്കമുള്ള അന്താരാഷ്ട്രമാധ്യമങ്ങളോടു പങ്കുവച്ചത്.

വ്ളാദിമിർ സെലൻസ്കിക്ക് അനാവശ്യപ്രേരണകൾ നൽകി യുക്രെയ്നെ യുദ്ധത്തിലേക്ക് എടുത്തുചാടിച്ചത് പ്രസിഡന്റ് ജോ ബൈഡനും വൈസ് പ്രസിഡന്റ് കമലാ ഹാരിസും അടങ്ങുന്ന ഡീപ് സ്റ്റേറ്റ് ആണെന്നതു രഹസ്യമല്ല. അതുകൊണ്ടുതന്നെ, ഈ സാമ്പത്തികമാന്ദ്യകാലത്ത് യുക്രെയ്നിലെ യുദ്ധാവശ്യത്തിനായി നാറ്റോ സഖ്യത്തിനു വേണ്ടി അമേരിക്ക മില്യൺ കണക്കിനു ഡോളർ അനാവശ്യമായി ചെലവഴിക്കുന്നതു ചൂണ്ടിക്കാട്ടിയ ട്രംപിനൊപ്പം ജനം നിന്നു. അതേസമയം, പശ്ചിമേഷ്യൻവിഷയത്തിൽ പലപ്പോഴും ബൈഡന്റെ തീരുമാനങ്ങൾ പാളിപ്പോയതും നാം കണ്ടു.

സെപ്റ്റംബർ 11 ലെ വേൾഡ് ട്രേഡ് സെന്റർ തകർത്തതടക്കമുള്ള ഇസ്ലാമിക ഭീകരാക്രമണപരമ്പരകളിൽ ആയിരങ്ങൾ കൊല്ലപ്പെടുകയും അഭിമാനം വ്രണപ്പെടുകയും ചെയ്ത അമേരിക്കൻജനതയുടെ മനസ്സ് ഭീകരാക്രമണം നേരിടുന്ന ഇസ്രായേലിനൊപ്പമാണ്. അതു മറന്ന ബൈഡൻ പലപ്പോഴും ഇസ്രായേൽ പ്രധാനമന്ത്രി നെതന്യാഹുവിനോടു പിണങ്ങുകയും ആയുധം നിഷേധിക്കുകയും ചെയ്തു. ഇത് അമേരിക്കയിലെ സാധാരണക്കാർക്കിടയിൽ ഡെമോക്രാറ്റുകളുടെ നിലപാടു സംബന്ധിച്ച് സംശയം ജനിപ്പിക്കാനിടയാക്കി. ഇസ്രായേലിനെ അമേരിക്ക തങ്ങളുടെ ഒരു സ്റ്റേറ്റ് എന്നവണ്ണം പരിഗണിക്കുന്നതിനപ്പുറം അമേരിക്കയിൽ മികച്ച സ്വാധീനമുള്ള വിഭാഗമാണ് ജൂതർ. ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ ഒക്കെ അവരുടെ നിയന്ത്രണത്തിലാണ്. അതുകൊണ്ടുതന്നെ, പലപ്പോഴും ആഗോള ഇടത്-തീവ്ര ഇസ്ലാമിസ്റ്റ് ചേരിയുടെ താത്പര്യങ്ങൾക്ക് അനുകൂലമായി ചാഞ്ചാടിയത് ബൈഡൻ - കമലാ ഹാരിസ് നേതൃത്വത്തിനു തിരിച്ചടിയായി.



▶ 10




# കുടുംബങ്ങൾ സ്വർഗമാകാൻ

**കു**ടുംബങ്ങൾ സ്വർഗമാക്കാൻ എങ്ങനെ കഴിയും എന്ന അന്വേഷണത്തിന് കുടുംബസ്ഥാപനത്തിന്റെ ആരംഭം മുതലുള്ള പഴക്കമുണ്ട്. അന്വേഷണം നടത്തുന്നുവെന്നല്ലാതെ പൂർണവിജയം കണ്ടെത്താൻ കഴിയുന്നവർ വളരെ ചുരുക്കമാണ്.

ദൈവം ആഗ്രഹിക്കുന്നതുപോലെ ഭാര്യയും ഭർത്താവും മക്കളും ജീവിക്കുമ്പോഴാണ് കുടുംബങ്ങൾ സ്വർഗമാകുന്നത്. അവിടെയാണ് ദൈവത്തിന്റെ പദ്ധതികൾ ഫലമണിയുന്നതും. പണവും പ്രതാപവും മക്കളുടെ വിദേശജോലിയുമൊക്കെയാണ് ഒരാളുടെ കുടുംബത്തെ നല്ല കുടുംബമാക്കുന്നതെന്ന് ഉപരിപ്ലവമായി വിശ്വസിച്ചുപോരുന്ന പ്രവണത ഇന്നു പരക്കെയുണ്ട്. ഇത്തരം ധാരണകളെയെല്ലാം പിഴുതെറിയാനും ആത്മവിശകലനത്തിനു പ്രേരിപ്പിക്കാനും സഹായിക്കുന്ന ഒരു കൊച്ചുസിനിമയാണ് ഡോ. ലിസി കെ. ഫെർണാണ്ടസും കൂട്ടുകാരും ചേർന്നു നിർമിച്ച് റെജിസ് ആന്റണി സംവിധാനം ചെയ്ത 'സ്വർഗം.'

അധ്വാനിയും ചെറുകിടകച്ചവടക്കാരനുമായ ജോസൂട്ടിയുടെയും അമേരിക്കയിൽനിന്നു ജോസൂട്ടിയുടെ തൊട്ടയൽവക്കത്തു വന്നു താമസിക്കുന്ന ധനാഢ്യനായ വക്കച്ചന്റെയും കുടുംബങ്ങളിലൂടെയാണ് ചിത്രം പുരോഗമിക്കുന്നത്. മറ്റുള്ളവരെ സ്നേഹിക്കാതെയും അവരുടെ അഭിപ്രായങ്ങൾക്കു വില കൊടുക്കാതെയും ജീവിക്കുന്ന, എല്ലാം പണത്തിന്റെ കണ്ണിൽമാത്രം നോക്കിക്കാണുന്ന വക്കച്ചൻമാർ നമ്മുടെ സമൂഹത്തിൽ വളരെ കൂടുതലാണ്. തങ്ങളുടെ വാക്കാണു ശരിയെന്നും തങ്ങളുടെ ഇഷ്ടംതന്നെയാണ് മറ്റുള്ളവരുടേതെന്നും അവർ തെറ്റായി ധരിക്കുന്നു. ഈ ധാരണകൾക്കിടയിൽ തങ്ങളുടെ പ്രിയപ്പെട്ടവർക്കു താൻമൂലം നഷ്ടപ്പെടുന്നത് എന്തെല്ലാമാണെന്ന് അവരൊരിക്കലും മനസ്സിലാക്കുന്നുമില്ല. അതുപോലെതന്നെ, അവരുടെ ഇഷ്ടങ്ങളും താത്പര്യങ്ങളും എന്തായിരുന്നുവെന്ന് അവർ തിരിച്ചറിയുന്നുമില്ല. എല്ലാം തിരിച്ചറിഞ്ഞുവരുമ്പോഴേക്കും നഷ്ടങ്ങൾമാത്രമായിരിക്കും അവശേഷിക്കുന്നത്. അതുകൊണ്ടാണ്, സ്വർഗം ആത്മവിശകലനത്തിനു പ്രേരിപ്പിക്കുന്ന സിനിമയാണെന്നു തുടക്കത്തിൽ പറഞ്ഞത്. സാങ്കേതികത അത്രയധികം വളർന്നിരിക്കുന്ന സാഹചര്യത്തിൽ മനുഷ്യരെക്കാൾ സാങ്കേതികതയ്ക്കു പ്രാധാന്യം കൊടുക്കുന്ന മനുഷ്യനു സംഭവിക്കുന്ന അപകടവും ചിത്രം പറഞ്ഞുവയ്ക്കുന്നുണ്ട്.

മുതിർന്ന തലമുറയിലെ നസ്രാണികളുടെയെല്ലാം ഓർമകളെ സൗമ്യമായി തൊട്ടുണർത്താൻ 'സ്വർഗ'ത്തിലെ പല രംഗങ്ങൾക്കും കഴിയുന്നുണ്ട്. പ്രധാനമായും കപ്പവാട്ടും കല്യാണവീടും. പുതിയ തലമുറയ്ക്കു കപ്പവാട്ടിനെക്കുറിച്ചു വേണ്ടത്ര പരിചയമൊന്നും കാണാൻ സാധ്യതയില്ല. പഴയതലമുറയിലെ ഭൂരിപക്ഷത്തിനും അത് ഒരു ബ്ലാക്ക് ആന്റ് വൈറ്റ് ഓർമയുമാണ്. അറിയാത്തവർക്കു പറഞ്ഞുകൊടുത്തും അറിഞ്ഞവരുടെ ഓർമകളെ ഊതിയുണർത്തിയുമാണ് ചിത്രത്തിലെ കപ്പപ്പാട്ട് ചിത്രീകരിച്ചിരിക്കുന്നത്. രണ്ടുപേർ വീട്ടിൽ അതിഥികളായി വന്നാൽപോലും ഉടനെ ഓൺലൈനിൽ ഫുഡ് ഓർഡർ ചെയ്തു ശീലം നേടിയ മലയാളികൾക്ക് കല്യാണംപോലെയുള്ള സവിശേഷാവസരങ്ങളെല്ലാം കേറ്ററിങ് മയമാണ്. എന്നാൽ, പണ്ടുകാലങ്ങളിൽ അയൽവക്കത്ത് ഒരു പരിപാടി നടക്കുമ്പോൾ നാട്ടുകാരെല്ലാം ചേർന്നായിരുന്നു സദ്യവട്ടങ്ങൾ നടത്തിയിരുന്നത്. അത്തരമൊരു പോയകാലത്തെ തിരിച്ചുപിടിക്കുന്നതാണ് ചിത്രത്തിലെ കല്യാണപ്പാട്ടും രംഗങ്ങളും.

സ്വാഭാവികതയുള്ള ഒരു കത്തോലിക്കാവൈദികൻ സിനിമാസ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നത് അത്ര സാധാരണമായ കാഴ്ചയല്ല. പക്ഷേ, അവിടെയും സ്വർഗം വ്യത്യസ്തമാണ്. അധികം ചെയ്യാനൊന്നുമില്ലെങ്കിലും സിജോയി വർഗീസ് അവതരിപ്പിച്ച വൈദികകഥാപാത്രം യാഥാർഥ്യത്തോടു നീതി പുലർത്തുന്നു.

അനുദിനജീവിതത്തിലെ സാധാരണസംഭവങ്ങളെ കോർത്തിണക്കി വളരെ ശാന്തമായും സ്വാഭാവികമായുമാണു ചിത്രം മുക്കാൽഭാഗത്തോളം കടന്നുപോകുന്നത്. അനിതരസാധാരണമായ രംഗങ്ങളോ ആകാംക്ഷയുണർത്തുന്ന കഥാപരിസരമോ ഒന്നും നമുക്കിവിടെ കാണാനുമാവില്ല. എങ്കിലും, ചിത്രത്തിന്റെ അവസാനത്തിനുമുമ്പുള്ള പത്തുമിനിറ്റ് അതുവരെയുള്ള എല്ലാ ഇഴച്ചിലും മറികടന്ന് പ്രേക്ഷകരുടെ കണ്ണീർ പൊഴിക്കാനിടയാക്കുന്ന വിധത്തിലുള്ളവയാണ്. ചിത്രത്തിന്റെ തുടക്കത്തിൽ അപ്രധാനമെന്നു പ്രേക്ഷകൻ അവഗണിച്ചുകളഞ്ഞ പല രംഗങ്ങളുടെ പിന്നിലുമുള്ള രഹസ്യം ഇവിടെയാണ് അനാവൃതമാകുന്നത്.

സവിശേഷമായ കഥയൊന്നുമല്ല സ്വർഗത്തിന്റേത് എന്നു പറയാതിരിക്കാനാവില്ല. ഇതിനകം നമ്മൾ പലവട്ടം കണ്ടതും കേട്ടതുമായ കഥതന്നെയാണ് സിനിമയുടെ അവലംബവും. ക്രൈസ്തവപ്രേക്ഷകർക്കു പരിചിതമായ കഥാപരിസരംതന്നെയാണ് ഇതിലുള്ളതും. പക്ഷേ, ഈ സാധാരണീകരണംതന്നെയാണ് സിനിമയെ പ്രേക്ഷകരുമായി ബന്ധിപ്പിക്കുന്നത്. തങ്ങൾക്ക് അപരിചിതമായ ലോകമോ കഥയോ ആകാതെ തങ്ങളുടെതന്നെ ജീവിതംപോലെയോ അല്ലെങ്കിൽ തങ്ങൾക്കു പരിചയമുള്ളവരുടെ ജീവിതംപോലെയോ തോന്നിപ്പിക്കുന്ന ഈ സാധാരണത്വമാണ് സ്വർഗത്തിന്റെ ഹൈലൈറ്റ്.



എങ്ങനെ നല്ല കുടുംബങ്ങൾ രൂപീകരിക്കണമെന്നും നല്ല കുടുംബങ്ങളുടെ രൂപീകരണത്തിന് എന്തെല്ലാമാണ് അനുവർത്തിക്കേണ്ടതെന്നുമുള്ള കഥാകൃത്തിന്റെ സ്വപ്നമായിരിക്കണം ഈ സിനിമ. ഭാര്യാഭർത്തൃബന്ധത്തിന്റെ ഇഴയടുപ്പവും പരസ്പരം ഭാരങ്ങൾ വഹിക്കാനുള്ള സന്നദ്ധതയും തുറന്നുപറച്ചിലും അഭിപ്രായം സ്വീകരിച്ചുള്ള തീരുമാനമെടുക്കലും മുതിർന്നവരോടുള്ള സ്നേഹബഹുമാനങ്ങളും അതിമോഹങ്ങളില്ലാതെയുള്ള ജീവിതസമീപനവും അധ്വാനശീലവും സേവിക്കാനും സഹായിക്കാനുമുള്ള മനസ്സുമൊക്കെയാണ് ഏതൊരു കുടുംബത്തെയും മനോഹരമാക്കുന്നതെന്നും അങ്ങനെയുള്ള ആളുകൾ കൂടിച്ചേരുന്ന എല്ലാ ഇടങ്ങളും സ്വർഗമായി പരിണമിക്കുന്നുവെന്നുമാണ് ചിത്രം ആത്യന്തികമായി പറയുന്നത്. മനുഷ്യന്റെ നന്മയും സ്നേഹവുമാണ് സ്വർഗത്തിന്റെ ഹൈലൈറ്റ്. അതു പറയാൻവേണ്ടിയാണ് ചിത്രത്തിൽ ബാക്കിയുള്ളതെല്ലാം കടന്നുവരുന്നത്.

ആൻഡ്രോയ്ഡ് കുഞ്ഞപ്പന്റെ ആവർത്തനം ചില രംഗങ്ങളിൽ അനുഭവപ്പെട്ടതും ജോസൂട്ടിയുടെ അമ്മയെക്കാൾ പ്രായക്കൂടുതലുള്ള വക്കച്ചന്റെ അമ്മയെ സാരിയുടുപ്പിച്ചും ജോസൂട്ടിയുടെ അമ്മയെ ചട്ടയും മുണ്ടും ധരിപ്പിച്ചും അവതരിപ്പിച്ചതും, സിനിമ പൂർണമാകുന്നില്ലെന്ന തോന്നൽ ഉണർത്തിക്കൊണ്ട് ചിത്രം അവസാനിപ്പിച്ചതും, കോളജ് ബസിന്റെ പിറകേ അകമ്പടി സേവിച്ചെന്നോണം വിനീതിന്റെ കഥാപാത്രം ബുള്ളറ്റിൽ സഞ്ചരിക്കുന്നതുപോലെയുള്ള രംഗങ്ങളുമെല്ലാം ചിത്രത്തിന്റെ കെട്ടുറപ്പിനെ ദുർബലപ്പെടുത്തുന്നവയായിരുന്നു. നസ്രാണി അമ്മച്ചിമാരുണ്ടെങ്കിൽ അവർ ചട്ടയും മുണ്ടുമായിരിക്കണം എന്ന് സിനിമയിൽ അലിഖിതനിയമമുള്ളതുപോലെയാണ് ലിസി ഫെർണാണ്ടസിന്റെ അമ്മച്ചിവേഷത്തിനു ചട്ടയും മുണ്ടും നല്കിയത്. ഇന്നെവിടെയാണ് അറുപതോ അറുപത്തിയഞ്ചോ വയസ്സുള്ള സ്ത്രീകൾ ചട്ടയും മുണ്ടും ധരിക്കുന്നത്? എൺപതിനും തൊണ്ണൂറിനും അടുത്തു പ്രായമുള്ളവരെമാത്രമേ നമുക്കാ വേഷത്തിൽ കാണാൻ കഴിയൂ. അതും അംഗുലീപരിമിതം. ഇതാണ് വാസ്തവമെന്നിരിക്കേ, കഥാപാത്രത്തെ സിനിമാറ്റിക് ആക്കാൻ വേണ്ടിയുള്ള ഇത്തരം നീക്കങ്ങൾ ഒഴിവാക്കാമായിരുന്നുവെന്നു തോന്നിപ്പോയി.

ക്രൈസ്തവരെ കള്ളുകച്ചവടക്കാരും കോട്ടയം കുഞ്ഞച്ചന്മാരുമായി അവതരിപ്പിക്കുന്ന സിനിമകളേ പ്രേക്ഷകർക്കു കൂടുതൽ പരിചയമുണ്ടാവൂ. കാരണം, പാലായിലെയും കാഞ്ഞിരപ്പള്ളിയിലെയും ക്രൈസ്തവരുടെ കഥ പറയുമ്പോൾ അവരെ അങ്ങനെ അവതരിപ്പിച്ചാലേ സിനിമ മാസ് ആവുകയുള്ളൂ. കുറുവച്ചന്റെ കഥ പറഞ്ഞ കടുവവരെ ആ ജനുസ്സിൽപ്പെടുന്നവയാണ്. അതിൽനിന്നു വ്യത്യസ്തമായി മനുഷ്യത്വത്തിന്റെ ഗന്ധമുള്ള, മണ്ണിൽ ചവിട്ടിനില്ക്കുന്ന വെറും സാധാരണക്കാരായ കത്തോലിക്കരുടെ കഥപറഞ്ഞുവെന്നതാണ് സ്വർഗത്തെ വ്യത്യസ്തമായ ദൃശ്യാനുഭവമാക്കിമാറ്റിയത്.

ക്രൈസ്തവമൂല്യങ്ങളുടെ നേരേയുള്ള കടന്നാക്രമണങ്ങൾ സിനിമ എന്ന മാധ്യമത്തിലൂടെ നിർബാധം തുടരുമ്പോൾ അത്തരത്തിലുള്ള പ്രതിലോമപ്രവണതകൾക്കെതിരേയുള്ള തികച്ചും ക്രൈസ്തവോചിതമായ മറുപടിയാണ് ഈ ചിത്രം. അത്തരത്തിലുള്ള മറുപടി നല്കാൻ സഭയോടൊത്തു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ലിസി ഫെർണാണ്ടസിനും നിർമാണസഹകാരികളായ പതിനഞ്ചുപേർക്കും സാധിച്ചുവെന്നതു നിസ്സാരകാര്യമല്ല. അവരുടെ ആ ശ്രമം തുടർന്നും നടന്നുപോകേണ്ടത് സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാണ്. അതുകൊണ്ടുതന്നെ, വലിയ അവകാശവാദങ്ങളോ ഗിമ്മിക്കുകളോ ഇല്ലാതെ തീയറ്ററുകളിലെത്തിയിരിക്കുന്ന ഈ ചിത്രം കണ്ട് ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും പ്രോത്സാഹിപ്പിക്കേണ്ടത് ഓരോ ക്രൈസ്തവന്റെയും കടമയും കർത്തവ്യവുമാണ്. ഇന്നിറങ്ങുന്ന എല്ലാ സിനിമകളുടെയും സെൻസർ സർട്ടിഫിക്കറ്റ് U/A വിഭാഗത്തിലുള്ളവയാണ്. സകുടുംബം കാണാൻ കഴിയാത്തവിധം ഏതെങ്കിലുമൊക്കെ തരത്തിൽ ചില ചേരുവകൾ ആ സിനിമയിലുണ്ട് എന്നർഥം. അവിടെയാണ് ക്ലീൻചിറ്റ് സർട്ടിഫിക്കറ്റുമായി സ്വർഗം കുടുംബങ്ങൾക്ക് ആശ്വാസം നല്കുന്നത്. അതുകൊണ്ട്, അമിതപ്രതീക്ഷകളില്ലാതെ ധൈര്യപൂർവം സകുടുംബം സ്വർഗത്തിനു ടിക്കറ്റെടുക്കാം. □



# വികസനവിഷയങ്ങളെ തൊടാത്ത ഉപതിരഞ്ഞെടുപ്പ്

നേർമൊഴി

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ**

**2024** ലെ ലോകസഭാ തിരഞ്ഞെടുപ്പിനുശേഷം 15 സംസ്ഥാനങ്ങളിലെ 48 നിയമസഭാമണ്ഡലങ്ങളിലേക്കും രണ്ടു ലോകസഭാമണ്ഡലങ്ങളിലേക്കും ഉപതിരഞ്ഞെടുപ്പ് നവംബർമാസത്തിൽ നടക്കുകയാണ്. ഉത്തർപ്രദേശ് 9, രാജസ്ഥാൻ 7, പശ്ചിമബംഗാൾ 6, ആസാം 5, ബീഹാർ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ 4 വീതം, കർണാടക 3, കേരളം 2, മധ്യപ്രദേശ്, സിക്കിം രണ്ടുവീതം, ഛത്തീസ്ഗഡ്, ഗുജറാത്ത്, മേഘാലയ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഓരോ സീറ്റിലേക്കുമാണ് തിരഞ്ഞെടുപ്പു നടക്കുന്നത്. വയനാട് ഉൾപ്പെടെ രണ്ടു പാർലമെന്റുമണ്ഡലങ്ങളിലും പുതിയ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നുണ്ട്. ഉപതിരഞ്ഞെടുപ്പുഫലം നിലവിലെ രാഷ്ട്രീയഘടനയെ ഗൗരവമായി ബാധിക്കുകയില്ല. എന്നാൽ, കേരളത്തിൽ ഈ ഉപതിരഞ്ഞെടുപ്പ് പ്രധാനപ്പെട്ടതത്രേ.

വയനാട് പാർലമെന്റുമണ്ഡലത്തിലും ചേലക്കര, പാലക്കാട് നിയമസഭാമണ്ഡലങ്ങളിലുമാണ് കേരളത്തിൽ തിരഞ്ഞെടുപ്പു നടക്കുന്നത്. രണ്ടു കാരണങ്ങളാലാണ് ഈ തിരഞ്ഞെടുപ്പു പ്രധാനപ്പെട്ടതായി മാറുന്നത്. ഒന്നാമത്തേത്, സർക്കാരിന്റെയും പ്രതിപക്ഷത്തിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്താൻ ജനങ്ങൾക്കു കിട്ടുന്ന അവസരമാണിത്. രണ്ടാമത്തേത്, ഏതാനും മാസങ്ങൾക്കുള്ളിൽ ത്രിതലപഞ്ചായത്തുതിരഞ്ഞെടുപ്പു നടക്കുന്നുവെന്നതാണ്. രാഷ്ട്രീയത്തെക്കുറിച്ചും രാഷ്ട്രീയക്കാരെക്കുറിച്ചുമുള്ള ജനങ്ങളുടെ; പ്രത്യേകിച്ച്, അഭ്യസ്തവിദ്യരുടെയും യുവജനങ്ങളുടെയും സമീപനം മാറിയിട്ടുണ്ട്. രാഷ്ട്രീയത്തിനുവേണ്ടി രാഷ്ട്രീയം എന്ന പരമ്പരാഗതരീതി മാറിവരികയാണ്. എന്നാൽ, രാഷ്ട്രീയനേതാക്കന്മാർ അവരുടെ പഴയ കാഴ്ചപ്പാടും നിലപാടും തുടരുകയാണ്. സമകാലികരാഷ്ട്രീയത്തിൽ രണ്ടു കാര്യങ്ങൾ പ്രധാനപ്പെട്ടതാണ്. അതു സാന്നിധ്യവും (Presence) നിർവഹണവു(Performance)മാണ്. സന്നിഹിതമാകുന്നതിൽ എല്ലാ നേതാക്കന്മാരും തന്നെ ഉയർന്ന മാർക്കുള്ളവരാണ്. എന്നാൽ, നിർവഹണത്തിന്റെ കാര്യത്തിൽ മിക്കവരും ശരാശരിക്കു താഴെയത്രേ.



അമേരിക്കൻ തിരഞ്ഞെടുപ്പിൽ ഡൊണാൾഡ് ട്രംപ് കൈവരിച്ചത് അവിശ്വസനീയമായ നേട്ടമാണ്. പാർലമെന്റിന്റെ ഇരുസഭകളിലും ട്രംപ് ഭൂരിപക്ഷം നേടി. പോപ്പുലർ വോട്ടും അദ്ദേഹം സ്വന്തമാക്കി. ഇതിനുപുറമേ ഏഴു ചാഞ്ചാട്ടസംസ്ഥാനങ്ങളും അദ്ദേഹം സ്വന്തം പേരിലാക്കി. ഈ മാജിക്കിന്റെ അടിസ്ഥാനം വ്യക്തമാണ്: അമേരിക്കക്കാർ ആഗ്രഹിക്കുന്നതു ചെയ്തുകൊടുക്കാൻ കമലാഹാരീസിനെക്കാൾ ശേഷി തനിക്കാണെന്ന് അമേരിക്കൻജനതയെ ബോധ്യപ്പെടുത്താൻ ട്രംപിനു സാധിച്ചു. ഇനി മുന്നോട്ട്, നേതാക്കന്മാർക്ക് നിർവഹണമികവില്ലാതെ വിജയിച്ചുകയറാനാവില്ല.

കഴിഞ്ഞ രണ്ട് ഉപതിരഞ്ഞെടുപ്പുകളിലും വിജയിച്ചത് യുഡിഎഫാണ്. അതു ഭരണവിരുദ്ധവികാരംകൊണ്ടു മാത്രമാണെന്നു കരുതുന്നതിൽ കഴമ്പില്ല. കാരണം, പുതുപ്പള്ളിയും തൃക്കാക്കരയും കോൺഗ്രസ് കോട്ടയായിരുന്നു. മാത്രവുമല്ല, രണ്ടിടങ്ങളിലും സഹതാപതരംഗവുമുണ്ടായിരുന്നു. ഈ തത്ത്വം പാലാ ഉപതിരഞ്ഞെടുപ്പിൽ ബാധകമായിരുന്നില്ലേ എന്ന ചോദ്യം പ്രസക്തമാണ്. തിരഞ്ഞെടുപ്പിൽ സ്ഥാനാർഥിയും പ്രധാനപ്പെട്ടതാണ് എന്നതാണ് ഉത്തരം.

ചേലക്കര കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലമായി ഇടതുചായ്‌വുള്ള മണ്ഡലമാണ്. അതു പിടിച്ചെടുക്കുന്നതിനു വലിയ ശ്രമവും പുതിയ തന്ത്രവുമാവശ്യമാണ്. കരുവന്നൂർ ബാങ്കുകൊള്ള, നവീൻബാബുവിനെ മരണത്തിലേക്കു നയിച്ച കണ്ണൂർ ജില്ലാ പഞ്ചായത്തുപ്രസിഡന്റ് പി.പി. ദിവ്യയുടെ പ്രസംഗം, മുനമ്പം വിഷയത്തിലും വഖഫ് ഭേദഗതി നിയമത്തിനു നേർക്കും സർക്കാരും പ്രതിപക്ഷവും സ്വീകരിച്ച നിലപാടും ചേലക്കരയിൽ ചർച്ചയാകും. കുഴൽപ്പണവും പാലക്കാട്ടെ ഹോട്ടൽ റെയ്ഡും തൃശൂർ പൂരംകലക്കലുമെല്ലാം മൂന്നു മുന്നണികൾക്കും കുരുക്കാകും. ജനകീയവിഷയങ്ങളിൽ നിന്നു ശ്രദ്ധ തിരിക്കാനുള്ള ഇത്തരം വിഷയങ്ങളിൽ വോട്ടർമാർ വീഴാനിടയില്ല. രാഷ്ട്രീയാന്ധത ബാധിച്ച പ്രവർത്തകരൊഴിച്ച് മറ്റെല്ലാവരും കുറെയൊക്കെ സ്വതന്ത്രമായി ചിന്തിക്കുന്നവരാണ്. അവർ വികസനവിഷയങ്ങളിൽനിന്നുള്ള നേതാക്കന്മാരുടെ ഒളിച്ചോട്ടത്തെ അംഗീകരിക്കുന്നില്ല. വിലക്കയറ്റം, തൊഴിലില്ലായ്മ, കുറ്റവാളികളുടെ അഴിഞ്ഞാട്ടം, പൊലീസിന്റെയും സർക്കാർ ഉദ്യോഗസ്ഥരിൽ ചിലരുടെയും അഴിമതിയും അഴിഞ്ഞാട്ടവുമൊക്കെ വോട്ടിനെ സ്വാധീനിക്കും. ■

# നമ്മുടെ കുട്ടികളിൽ ഈ ഗൗരവം നിറച്ചതാര്?



**ഷാജി മാലിപ്പാറ**

“വാക്കുകൾകൂട്ടിച്ചൊല്ലാൻ
വയ്യാത്ത കിടാങ്ങളേ,
ദീർഘദർശനം ചെയ്യും
ദൈവജ്ഞരല്ലോ നിങ്ങൾ!”

വൈലോപ്പിള്ളി ശ്രീധരമേനോന്റെ വരികൾ മലയാളകവിതയിൽ ശൈശവനിഷ്കളങ്കതയുടെ നിതാന്തനിദർശനമായി നിലകൊള്ളുന്നവയാണ്. ‘ശിശുക്കളെപ്പോലെയാകുവിൻ’ എന്ന ക്രിസ്തുവചനം, സ്വർഗം പ്രതിസമ്മാനമായി പ്രതിഷ്ഠിച്ചുകൊണ്ടാണ് നമ്മുടെ ഹൃദയങ്ങളെ പ്രചോദിപ്പിക്കാനെത്തുന്നത്. ശിശു മനുഷ്യന്റെ പിതാവാണെന്ന വില്യം വേർഡ്സ്‌വർത്തിന്റെ വിഖ്യാതമായ നിരീക്ഷണവും നിസ്സാരമല്ല.

‘‘പ്രഭാതം ദിവസത്തിന്റെ ലക്ഷണം പറയുന്നതുപോലെ, ബാല്യം മനുഷ്യന്റെ ലക്ഷണം പറയുന്നു.’’ മിൽട്ടൺ ഇവിടെ സൂചിപ്പിക്കുന്നത് കുട്ടിക്കാലത്തിന്റെ പ്രാധാന്യത്തെത്തന്നെയാണ്. ‘മുളയിലറിയാം വിള’ എന്ന പഴഞ്ചൊല്ലിന്റെ സാരാംശവും മറ്റൊന്നല്ലല്ലോ. ആർദ്രമധുരവും വാത്സല്യനിർഭരവുമായ പദാവലികൾ ഉപയോഗിച്ചേ ശൈശവത്തെക്കുറിച്ച് ആരും പറയുകയും എഴുതുകയും ചെയ്യാറുള്ളൂ. അത്രമേൽ മനുഷ്യസമൂഹത്തെ പുതുക്കമുള്ളതാക്കാൻ കുട്ടിത്തത്തിന്റെ ഓർമകൾക്കുപോലും കഴിയും. ഏഴാച്ചേരി രാമചന്ദ്രന്റെ ഈ വരികൾ ശ്രദ്ധിക്കൂ:

“പുഞ്ചിരിത്തിരിയിട്ടു
പൂമുഖത്തിണ്ണയിൽ
നന്മ കൊളുത്തുന്ന ദീപങ്ങൾ;
അവരല്ലോ തളിരിളം
പൈതങ്ങൾ.”

കാര്യമൊക്കെ ശരിതന്നെ. കഥയിലും കവിതയിലും ഇങ്ങനെയൊക്കെ പറയാം. എന്നാൽ, യാഥാർഥ്യം എന്താണ്? ഇന്നത്തെ കുട്ടികൾ, കുട്ടികളാണോ? അവർ വാക്കിലും പ്രവൃത്തിയിലും എപ്രകാരമാണ് നമ്മുടെ മുമ്പിൽ അവതരിക്കുന്നത്? കുഞ്ഞുങ്ങളോട് അതിരറ്റ കൗതുകത്തോടും അലിവോടുംകൂടി ഇടപെട്ട് മുറിവേറ്റവർ നമുക്കിടയിലില്ലേ? നേഴ്സറിക്കുരുന്നുകളോടുപോലും സൂക്ഷിച്ചിടപഴകിയില്ലെങ്കിൽ പരിക്ക് ഏറ്റുവാങ്ങേണ്ടിവരുന്ന കാലം! എന്താണു നമ്മുടെ കുട്ടികൾ ഇങ്ങനെയൊക്കെ പെരുമാറാൻ കാരണം?



മക്കൾ മിടുക്കരായ കുട്ടികളാവണമെന്ന പ്രതീക്ഷയിൽ അപകടമില്ല. എന്നാൽ, മിടുക്കിന്റെ മാനദണ്ഡം എന്തെന്നതിൽ വ്യക്തത വേണം. വായിൽ കൊള്ളാത്തതും പ്രായത്തിനും സ്ഥാനത്തിനും ചേരാത്തതുമായ വർത്തമാനങ്ങൾതന്നെയാണ് ആദ്യത്തെ ആപത്ത്. അതിനവരെ കുറ്റം പറയാനുമാവില്ല. കുട്ടികൾക്കിണങ്ങാത്ത സംസാരശൈലികളെ വാനോളം പുകഴ്ത്തുന്ന മുതിർന്നവർതന്നെയാണ് ഉത്തരവാദികൾ. ചാനൽപരിപാടികളിലും വിവിധ വേദികളിലും കേട്ടുശീലിച്ച് ഉത്തമമെന്നു ധരിച്ചുവച്ചിരിക്കുന്നവ കുടുംബാന്തരീക്ഷത്തിലും ക്ലാസ്മുറികളിലും കുട്ടികൾ ഔചിത്യദീക്ഷയില്ലാതെ അനുകരിക്കുന്നു. റിയാലിറ്റിഷോകളുടെ മായികപ്രപഞ്ചത്തിൽ ‘കുട്ടികളല്ലേ, അവർ എന്തും പറയട്ടെ’ എന്നു കരുതുന്നതിലെ അപകടം അനുദിനജീവിതത്തിലേക്കു പടരുന്നു.

കുട്ടികൾ ഇന്നു വരുത്തുന്ന വീഴ്ചകൾ പലതും കുട്ടിത്തത്തിന്റെ ഭാഗമല്ല; മറിച്ച്, കുട്ടിത്തം കൈവിട്ടുപോയതിന്റെ നഷ്ടങ്ങളാണ് എന്നു നാം തിരിച്ചറിയണം. ഒരു അധ്യാപകൻ പങ്കുവച്ചത് ഓർക്കുന്നു: “ഇന്ന് സ്കൂളിലൊന്നും ചെറിയ കുട്ടികളില്ല. എന്നുവച്ചാൽ, കുട്ടിത്തമുള്ള കുട്ടികളില്ല. പ്രൈമറിക്ലാസിൽപോലും കുട്ടിത്തമില്ലാത്ത കുട്ടികളാണുള്ളത്. നിഷ്കളങ്കമായി സംസാരിക്കാനോ ചിരിക്കാനോ പറ്റുന്ന കുട്ടികൾ കുറവാണ്.”

“ഇന്നത്തെ കുട്ടികളുടെ പ്രശ്നം അവർ ആഗ്രഹിക്കുന്നത് ലഭിക്കാത്തതല്ല, എന്താണ് ആഗ്രഹിക്കേണ്ടതെന്ന് അവർക്ക് അറിയാൻ പാടില്ലാത്തതാണ്.’’ സാമൂഹികശാസ്ത്രജ്ഞരുടെ ഈ നിരീക്ഷണം ശരിയെന്നു സമ്മതിക്കേണ്ടിവരും. ആഗ്രഹങ്ങൾക്ക് അതിരുകളില്ലെന്നും ആർക്കും എന്തും ആഗ്രഹിക്കാം എന്നുമുള്ള വിചാരം കുട്ടികളിൽ കുത്തിവയ്ക്കുന്നതിൽ വലിയ ദോഷമുണ്ട്. കുട്ടികൾ, കുട്ടികളായി വളരട്ടെ. കുട്ടിത്തം നിറഞ്ഞ സ്വപ്നങ്ങളും ആവശ്യങ്ങളും അവർക്ക് ഉണ്ടാകട്ടെ. ശൈശവ, ബാല്യ, കൗമാര, യൗവനങ്ങൾ പിന്നിട്ട് അവർ പക്വതയിലേക്ക് എത്തട്ടെ. അതിനുള്ള പിന്തുണയല്ലേ കുടുംബവും സമൂഹവും കുഞ്ഞുങ്ങൾക്കു സമ്മാനിക്കേണ്ടത്? ■

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ




കർത്താവിനു നന്ദി പറയുവിൻ! അവിടുന്ന് നല്ലവനാണ്; അവിടുത്തെ കാരുണ്യം എന്നേക്കും നിലനില്ക്കുന്നു.
സങ്കീർത്തനങ്ങൾ 106:1

**എഡിറ്റോറിയൽ**

# കുട്ടിക്രിമിനലുകൾ പെരുകുമ്പോൾ

സാങ്കേതികവിദ്യയുടെ വളർച്ചയും നിർമിതബുദ്ധിയുടെ സ്വാധീനവും വിദ്യാഭ്യാസരംഗത്തു സജീവമായി ചർച്ച ചെയ്യുന്ന കാലമാണിത്. എഐയുടെ സ്വാധീനശക്തിയെക്കുറിച്ചു വാഴ്ത്തിപ്പറയുമ്പോഴും, ശ്രദ്ധിക്കപ്പെടാതെ പോകുന്നത് നമ്മുടെ അധ്യാപകരുടെ ഇടപെടലുകളും ദൗത്യങ്ങളുമാണ്. അറിവു നല്കുന്നയാൾ എന്നതിൽ നിന്ന് അറിവും അനുഭവപരിചയവുമുള്ള ഒരു സമഗ്രവ്യക്തിത്വത്തിന്റെ ഉടമകളായി അധ്യാപകർ മാറുന്നില്ലെങ്കിൽ അവർ കാലഹരണപ്പെട്ടവരായി മാറും. യുട്യൂബ് വീഡിയോയിലോ എഐ ടൂളുകളിലോ കിട്ടാത്ത അറിവിന്റെ പാഠങ്ങൾ ഉത്പാദിപ്പിക്കാനുള്ള നിപുണതയാണ് ഇനിയുള്ള കാലം അധ്യാപകർക്ക് ആവശ്യമായിരിക്കുന്നത്. മഹാത്മാ ഗാന്ധി പറഞ്ഞതുപോലെ, ജീവിതംതന്നെ സന്ദേശമാക്കിപ്പകർത്തുന്ന, പ്രചോദനാത്മക വ്യക്തിത്വങ്ങളെയാണ് വരുംതലമുറ കാത്തിരിക്കുന്നതെന്നു സാരം.

സാങ്കേതികവിദ്യ പുരോഗമിച്ചപ്പോൾ ഗുരു-ശിഷ്യബന്ധം അവതാളത്തിലായോ എന്ന ഹൈക്കോടതിയുടെ ഈയിടെയുണ്ടായ നിരീക്ഷണം വിദ്യാഭ്യാസപ്രവർത്തകരും പൊതുസമൂഹവും ഗൗരവമായി ചർച്ച ചെയ്യുകയാണ്. ദക്ഷിണയായി ഗുരുവിനു പെരുവിരൽ മുറിച്ചു നൽകിയ ഏകലവ്യന്റെ കഥയുണ്ട് മഹാഭാരതത്തിൽ. ഇന്നാകട്ടെ, അധ്യാപകരോടുള്ള അനാദരം ചില കുട്ടികളിൽ ശീലമായിരിക്കുന്നു. ഈ നിലയിൽ അച്ചടക്കമുള്ള ഒരു തലമുറയെ എങ്ങനെ വാർത്തെടുക്കാനാകുമെന്ന കാര്യം ഞെട്ടിക്കുന്നതാണെന്നു കോടതി പറയുന്നു.

എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്ന ഭയപ്പാടിൽ കുട്ടികളെ പഠിപ്പിക്കേണ്ടിവരുന്നത് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനുതന്നെ ഭീഷണിയാണ്. അച്ചടക്കത്തിന്റെയും പഠനത്തിന്റെയും ഭാഗമായി നല്കുന്ന നിർദേശങ്ങളും ശിക്ഷകളും അധ്യാപകരെ ക്രിമിനൽക്കേസിൽപ്പെടുത്തി തുറുങ്കിലാക്കാനുള്ള അവസരമായി കുട്ടികൾ മാറ്റുന്നുണ്ട്. ക്ലാസിലെ ഡസ്കിൽ കാൽ കയറ്റിവച്ചതു ചോദ്യം ചെയ്തപ്പോൾ ചീത്ത വിളിച്ച ഏഴാം ക്ലാസുകാരനെ അടിച്ചതിന് അധ്യാപികയുടെ പേരിലുള്ള കേസ് റദ്ദാക്കിയ ഉത്തരവിലാണ് ഹൈക്കോടതി ജസ്റ്റീസ് എ. ബദറുദ്ദീന്റെ നിരീക്ഷണം ശ്രദ്ധേയമായത്. കുട്ടിയെ ശാരീരികമായോ മാനസികമായോ ഉപദ്രവിക്കാൻ അധ്യാപികയ്ക്ക് ഉദ്ദേശ്യമുണ്ടായിരുന്നില്ലെന്നു കോടതി വിലയിരുത്തി. കുട്ടിക്കു യാതൊരു പരിക്കുമില്ലാതിരുന്നിട്ടും ബാലനീതിനിയമത്തിലെ വകുപ്പുൾപ്പെടുത്തി തൃശൂർ വാടാനപ്പള്ളി പൊലീസ് എടുത്ത കേസ് നിലനില്ക്കുന്നതല്ലെന്നു കോടതി വ്യക്തമാക്കി.

അധ്യാപകർക്കു കുട്ടികളെ പേടിച്ചുകഴിയേണ്ട സ്ഥിതിയില്ലായിരുന്നെങ്കിൽ, ഈ നാട്ടിൽ ഇത്രയേറെ കുട്ടിക്രിമിനലുകൾ ഉണ്ടാകുമായിരുന്നില്ല. മയക്കുമരുന്നിനും മാരകമായ രാസലഹരികൾക്കും അടിമകളായ പെൺകുട്ടികളുൾപ്പെടെയുള്ള കൗമാരക്കാരുടെ എണ്ണം പെരുകുന്നത്, വിദ്യാർഥികളെ പേടിക്കേണ്ട സ്ഥിതിയിൽ അധ്യാപകരും മക്കളെ ഭയക്കേണ്ട നിലയിൽ മാതാപിതാക്കളും മാറ്റപ്പെടാൻ നിർബന്ധിതരായതുകൊണ്ടാണ്.

സ്കൂൾ-കോളജ് പരിസരങ്ങളിലെ മയക്കുമരുന്നുപയോഗവും വ്യാപാരവും കേരളത്തിൽ വാർത്തയല്ലാതായിരിക്കുന്നു. വിദ്യാർഥികളെയും, കുറ്റപ്പെടുത്താൻ മാത്രം തക്കംനോക്കിയിരിക്കുന്ന ഏതാനും മാതാപിതാക്കളെയും, മയക്കുമരുന്നുഗുണ്ടകളെയും പേടിച്ച് ശിക്ഷാനടപടികളിൽനിന്നു പിന്മാറാൻ അധ്യാപകർ നിർബന്ധിതരാകുന്നു! പരീക്ഷാഹാളിലെ കുട്ടികളുടെ കോപ്പിയടിയോടെന്നപോലെ, ഒന്നും കണ്ടില്ലെന്നു നടിക്കുന്ന ഒരുതരം നിസ്സംഗത നമ്മുടെ അധ്യാപകരെ ബാധിച്ചിട്ടുണ്ടെങ്കിൽ അതു ഗൗരവബുദ്ധ്യാ ചർച്ച ചെയ്യേണ്ടതാണ്. ഈ നിഷ്ക്രിയത്വത്തിന് അവരെ കുറ്റംവിധിച്ചിട്ടു കാര്യമില്ല. അതിന് ഉത്തരം പറയേണ്ടത് ഇവിടത്തെ സർക്കാരും രാഷ്ട്രീയപ്രസ്ഥാനങ്ങളും ഒപ്പം, പൊതുസമൂഹവുമാണ്. ആ ഗുരുനാഥന്മാരുടെ ശൂന്യത നികത്താൻ സാംസ്കാരികകേരളത്തിൽ തത്സ്ഥാനത്ത് മറ്റാരുമില്ലെന്നുകൂടി ഓർമിച്ചാൽ നന്ന്.

കുട്ടികളുടെ നല്ല ഭാവിയോർത്ത് ശിക്ഷണനടപടിയെടുക്കുന്ന മഹാഭൂരിപക്ഷം വരുന്ന ഗുരുക്കന്മാർക്കു വന്ദനം! വിദ്യാർഥികളെ നേർവഴിക്കു നയിക്കാൻ പരിശ്രമിക്കുന്ന അധ്യാപകർക്കു സംരക്ഷണമൊരുക്കാൻ മാതാപിതാക്കളും പിടിഎയും പൊതുസമൂഹവും കൈകോർക്കണം. അധ്യാപകരോട് അപമര്യാദയായി പെരുമാറുകയും അവരെ ആക്രമിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന കുട്ടിക്രിമിനലുകളെയും ചെറുഗുണ്ടകളെയും നിലയ്ക്കു നിർത്താൻ നാടുഭരിക്കുന്ന സർക്കാരിനാവണം. വിദ്യാർഥിസംഘടനകളെ താലോലിച്ചുവളർത്തുന്ന രാഷ്ട്രീയയജമാനന്മാരുടെയും പാർട്ടിയുടെ അടിമകളായിരിക്കുന്ന അധ്യാപകരുടെയും സംരക്ഷണയിലാണ് നമ്മുടെ കുട്ടികൾ കാമ്പസുകളിൽ അഴിഞ്ഞാടുന്നതും അക്രമങ്ങൾ നടത്തുന്നതും ഗുണ്ടായിസം കാണിക്കുന്നതെന്നുമൊക്കെ കേൾക്കുമ്പോൾ, അക്ഷരാർഥത്തിൽ ലജ്ജിക്കുകയല്ലാതെ എന്തു ചെയ്യാനാവും ഒരു സാധാരണ മലയാളിക്ക്?

# ഷംഷാബാദ് രൂപതയുടെ ദ്വിതീയമെത്രാനായി മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ സ്ഥാനമേറ്റു

ഷംഷാബാദ്: ഷംഷാബാദ് രൂപതയുടെ ദ്വിതീയമെത്രാനായി മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ സ്ഥാനമേറ്റു. ബാലാപുരിലെ ബിഷപ്സ് ഹൗസ് അങ്കണത്തിൽ പ്രത്യേകം സജ്ജീകരിച്ച വേദിയിലായിരുന്നു സ്ഥാനാരോഹണച്ചടങ്ങുകൾ.

മുപ്പതോളം ബിഷപ്പുമാരുടെയും നിരവധി വൈദികരുടെയും അല്മായരുടെയും അകമ്പടിയോടെ മാർ പാണേങ്ങാടനെ വേദിയിലേക്ക് ആനയിച്ചു. സ്ഥാനാരോഹണ തിരുക്കർമങ്ങൾക്കു സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിച്ചു.

സ്ഥാനാരോഹണച്ചടങ്ങുകളുടെ ആരംഭത്തിൽ രൂപത ചാൻസലർ ഫാ. മേജോ കോരത്ത് നിയമനപത്രിക വായിച്ചു. സ്ഥാനമേറ്റശേഷം മാർ പ്രിൻസ് ആന്റണി വിശുദ്ധ കുർബാന അർപ്പിച്ചു. സിബിസിഐ പ്രസിഡന്റും തൃശൂർ അതിരൂപത മെത്രാപ്പോലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത് വചനസന്ദേശം നൽകി. വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനം മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. ഹൈദരാബാദ് അതിരൂപതാധ്യക്ഷൻ കർദിനാൾ ഡോ. പൂള ആന്റണി അധ്യക്ഷത വഹിച്ചു.




*ഷംഷാബാദ് രൂപതയുടെ ദ്വിതീയമെത്രാനായ മാർ പ്രിൻസ് ആന്റണി പാണേങ്ങാടന്റെ സ്ഥാനാരോഹണച്ചടങ്ങുകൾക്ക് സീറോ മലബാർ സഭ മേജർ ആർച്ചു ബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിക്കുന്നു.*

ഷംഷാബാദ് രൂപത അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ സ്വാഗതമാശംസിച്ചു. സഹായമെത്രാൻ മാർ തോമസ് പാടിയത്ത്, മാതൃവേദി റീജണൽ പ്രസിഡന്റ് ഡെല്ലാ ചാക്കോ കാരാത്തറ എന്നിവർ ആശംസകളർപ്പിച്ചു. ഷംഷാബാദ് രൂപതയുടെ വാർഷികപദ്ധതിയനുസരിച്ച് 2025 സാമൂഹികപ്രതിബദ്ധതാവർഷമായി ആചരിക്കുകയാണ്. വർഷാചരണത്തിന്റെ ഉദ്ഘാടനം ചങ്ങനാശേരി ആർച്ചുബിഷപ് മാർ തോമസ് തറയിൽ നിർവഹിച്ചു. സ്ഥാനാരോഹണ സപ്ലിമെന്റിന്റെ പ്രകാശനം മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു.


ചടങ്ങുകൾക്കു രൂപത അഡ്മിനിസ്ട്രേറ്റർ മാർ ജോസഫ് കൊല്ലംപറമ്പിൽ, സഹായമെത്രാൻ മാർ തോമസ് പാടിയത്ത്, എപ്പാർക്കിയൽ ജനറൽ കോ-ഓർഡിനേറ്റർ ഫാ. ഡോ. അബ്രാഹം പാലത്തിങ്കൽ എന്നിവർ നേതൃത്വം നൽകി. ഷംഷാബാദ് രൂപതയുടെ പ്രഥമമെത്രാനായിരുന്ന മാർ റാഫേൽ തട്ടിൽ സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നുള്ള ഒഴിവിലാണ് അദിലാബാദ് ബിഷപ്പായിരുന്ന ബിഷപ് പാണേങ്ങാടൻ ഷംഷാബാദ് രൂപതാധ്യക്ഷനായി നിയമിതനായത്.




**നവംബർ 24**
**പള്ളിക്കൂദാശക്കാലം**
**നാലാം ഞായർ**

**ഉത്പ 14:17 – 24**
**1 സാമു 8:1 – 9**
**വെളി 19:11 – 16**
**യോഹ 18:33 – 37**

# രക്ഷകനും നാഥനുമായ മിശിഹാ





**ഫാ. ഡോ. തോമസ് വടക്കേൽ**

**ആ**രാധനക്രമത്തിന്റെ ആദ്യകാലമായ മംഗളവാർത്തക്കാലം ആരംഭിച്ചത് രക്ഷകനായ മിശിഹായുടെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്തയോടെയാണ്. "ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു'' (ലൂക്കാ. 2:11). ഒരു ക്രിസ്റ്റോളജിക്കൽ കാഴ്ചപ്പാടോടെയാണ് വചനവായനകളെല്ലാം വ്യത്യസ്ത ആരാധനക്രമകാലങ്ങളിൽ വായിക്കപ്പെട്ടതും വ്യാഖ്യാനിക്കപ്പെട്ടതും. ആരാധനക്രമത്തിലെ അവസാനകാലമായ പള്ളിക്കൂദാശക്കാലത്തിലെ അവസാനഞായറാഴ്ചയും 'രക്ഷകനായ മിശിഹാ'യെക്കുറിച്ചുള്ള ദർശനമാണ് സഭ പങ്കുവയ്ക്കുന്നത്.

ഒന്നാം വായനയിൽ (ഉത്പ. 14:17–24) സമാധാനത്തിന്റെയും നീതിയുടെയും രാജാവായ മെൽക്കിസെദേക്കിനെക്കുറിച്ചും; രണ്ടാം വായനയിൽ (1 സാമു. 8:1–9) ഇസ്രയേൽജനം തിരസ്കരിച്ച രാജാവായ കർത്താവിനെക്കുറിച്ചും; മൂന്നാം വായനയിൽ (വെളി. 19:11–16) രാജാക്കന്മാരുടെ രാജാവും നാഥന്മാരുടെ നാഥനുമായ മിശിഹായെക്കുറിച്ചും; നാലാം വായനയിൽ (യോഹ. 18:33–37) രാജാവായ മിശിഹായെക്കുറിച്ചും നാം ശ്രവിക്കുന്നു. ഈശോ യഥാർഥത്തിൽ എല്ലാവരുടെയും 'രക്ഷകൻ' ആണ് എന്ന ഉറച്ച ബോധ്യത്തിലേക്കും ഏറ്റുപറച്ചിലിലേക്കുമാണ് ഈ വായനകളെല്ലാം നമ്മെ നയിക്കുന്നത്.

**ഉത്പത്തി 14:17–24:** സഹോദരനെ രക്ഷിക്കാൻവേണ്ടി ജീവൻ പണയപ്പെടുത്തി യുദ്ധം ചെയ്ത ശേഷം വിജയിച്ചു തിരിച്ചുവന്നപ്പോൾ അബ്രാഹത്തെ സ്വീകരിച്ചത് മെൽക്കിസെദെക്ക് എന്ന സോദോം രാജാവാണ്. 'രാജാവിന്റെ താഴ്വര' എന്നറിയപ്പെടുന്ന 'ഷാവെ' താഴ്വരയിൽവച്ചാണ് ഈ കണ്ടുമുട്ടൽ നടന്നത്. ഈ എതിരേല്പിന്റെ വിശേഷങ്ങളാണ് ഒന്നാം വായനയിൽ നാം ധ്യാനിക്കുന്നത്.

'മെൽക്കിസെദേക്ക്' എന്ന പേരിന്റെ അർഥം 'നീതിയുടെ രാജാവ്' എന്നാണ്. അദ്ദേഹം 'സമാധാനത്തിന്റെ രാജാവ്' എന്നും അറിയപ്പെട്ടിരുന്നു. 'സലേം' എന്നത് 'സിയോൻ' ആണ്. ഇതു ജറുസലേമിന്റെ പര്യായപദമാണ്. മെൽക്കിസെദേക്ക് സലേമിന്റെ രാജാവാണ് എന്നത് അദ്ദേഹം സമാധാനത്തിന്റെ (ഷലോം) വക്താവാണ് എന്ന വസ്തുത സൂചിപ്പിക്കുന്നു.

മെൽക്കിസെദേക്ക് അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു. കാനാൻകാരുടെ ദൈവത്തിന്റെ പേരായിരുന്നു 'എൽ ഏല്യോൻ.' അത്യുന്നതനായ ദൈവം എന്നാണ് ഈ പേരിന്റെ അർഥം. സർവശക്തനായ ദൈവത്തെ സൂചിപ്പിക്കാൻ അബ്രാഹം ഉപയോഗിക്കുന്ന പേരാണിത് (14:22). ദൈവത്തിന്റെ പുരോഹിതനാണ് മെൽക്കിസെദേക്ക്. ഹീബ്രുഭാഷയിൽ 'കോഹെൻ' (kohen) എന്ന വാക്കിന്റെ അർഥം 'പുരോഹിതൻ' എന്നാണ്. രാജത്വവും പൗരോഹിത്യവും മെൽക്കിസെദേക്ക് എന്ന ഒരേ വ്യക്തിയിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു.

അപ്പവും വീഞ്ഞും വിളമ്പിക്കൊണ്ടാണ് മെൽക്കിസെദേക്ക് അബ്രാഹത്തിനെ സ്വീകരിക്കുന്നത്. അപ്പവും വീഞ്ഞും ആഘോഷപൂർവകമായ വിരുന്നിലെ ഭക്ഷണമാണ്. അബ്രാഹം വിജയശ്രീലാളിതനായി വന്നതിനാലാവണം മെൽക്കിസെദെക്ക് ഇവ രണ്ടുംകൊണ്ടുള്ള വിരുന്നു നൽകിയത്. ഇതു സന്തോഷത്തിന്റെ വിരുന്നാണ്. അപ്പവും വീഞ്ഞും യുദ്ധത്തിൽ ക്ഷീണിച്ചവർക്കുള്ള ഭക്ഷണമായിരുന്നിരിക്കണം. ഇത് ഉണർവും ഉന്മേഷവും നൽകും. ക്രിസ്തീയവ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ, അപ്പവും വീഞ്ഞും വിശുദ്ധകുർബാനയുടെ പ്രതീകമാണ്. കുർബാന ജീവൻ പ്രദാനം ചെയ്യുന്ന ഒന്നാണ്.

മെൽക്കിസെദേക്ക് അബ്രാഹത്തെ അനുഗ്രഹിക്കുന്നത് 'എൽ ഏല്യോന്റെ' നാമത്തിലാണ്. അബ്രാമിന്റെ കൈകളിലൂടെ യുദ്ധത്തിൽ വിജയം നൽകിയത് ദൈവമാണെന്ന ഓർമപ്പെടുത്തലാണിത്. ഈ വിജയം ദൈവകൃപയുടേതാണ്. ഇതു മാനുഷിക ബലത്തിന്റേതല്ല.

**1 സാമുവൽ 8:1–9:** ജനത്തിനു ധീരമായ നേതൃത്വം നൽകിയിരുന്ന ന്യായാധിപനായിരുന്ന സാമുവൽ വൃദ്ധനായി. ഭരിക്കാനും ശത്രുവിന്റെ ആക്രമണങ്ങളെ ചെറുക്കാനും അദ്ദേഹവും പുത്രന്മാരും അശക്തരായിരുന്നു. തന്മൂലം ഇസ്രയേൽജനം തങ്ങൾക്ക് ഒരു പുതിയ രാജാവിനെ വാഴിച്ചുതരണമെന്ന് സാമുവലിനോട് അഭ്യർഥിച്ചു. ഇത്രയും നാൾ ജനത്തെ നയിച്ച ദൈവമായ കർത്താവ് ജനത്തെ തുടർന്നും നയിക്കുമെന്ന് സാമുവൽ വിശ്വസിച്ചു. എന്നാൽ, തങ്ങളെ നയിക്കാൻ, ശത്രുക്കളിൽനിന്നു സംരക്ഷിക്കാൻ കാര്യപ്രാപ്തിയുള്ള ഒരു രാജാവിനെ വാഴിക്കണമെന്ന് അവർ നിർബന്ധം പിടിച്ചു. ഇതാണ് വായനയുടെ പശ്ചാത്തലം.

പിതാവായ സാമുവലിന്റെ മാർഗം പിന്തുടരാത്ത ന്യായാധിപന്മാരായിരുന്നു ജോയേലും അബിയായും. കൈക്കൂലി വാങ്ങിയിരുന്ന അവർ അനീതി പ്രവർത്തിക്കുന്നവരുമായിരുന്നു. ജനത്തെ നയിക്കാൻ കാര്യശേഷിയില്ലാത്തവരായിരുന്നു. ഇക്കാരണത്താലാണ് ഇസ്രയേലിലെ ശ്രേഷ്ഠന്മാർ മറ്റു ജനതകൾക്കുള്ളതുപോലെ തങ്ങളെ ഭരിക്കാൻ ഒരു രാജാവിനെ അഭിഷേചിച്ചു നൽകണമെന്ന് സാമുവലിനോടു പറയുന്നത്.

കർത്താവിനോട് അഭിപ്രായം ആരായുന്ന സാമുവലിന് കർത്താവ് നൽകുന്ന മറുപടി 'ജനം പറയുന്നതു കേൾക്കുക' എന്നാണ്. അതായത്, ഒരു രാജാവിനെ നിയമിച്ചുനൽകുക. ഇതോടൊപ്പം ദൈവം സാമുവലിനോടു മറ്റൊരു കാര്യംകൂടി പറയുന്നുണ്ട്: 'അവർ നിന്നെയല്ല തങ്ങളുടെ രാജാവായ എന്നെയാണ് തിരസ്കരിച്ചിരിക്കുന്നത്" (8:7). ദൈവം 'മെലെക്' (melek) ആണ്. എല്ലാം ഭരിക്കുന്ന രാജാവാണ് അവിടുന്ന്. പക്ഷേ, ഇസ്രയേൽജനം അതു മറന്നു. 'They rejected me' (8:7), 'They have forsaken me' (8:8) എന്ന വാക്കുകൾ ദുഃഖത്തിന്റേതാണ്. ജനത്തിന്റെ അവിശ്വസ്തതയിലാണ് ദൈവം സങ്കടപ്പെടുന്നത്. അവിടുന്നാണ് യഥാർഥ രാജാവ് എന്ന സത്യത്തെ അവർ തമസ്കരിച്ചു.

**വെളിപാട് 19:11–16:** തിന്മയുടെ ശക്തിയിന്മേൽ ദൈവം വരിക്കുന്ന വിജയത്തിന്റെ ചരിത്രമാണ് വെളിപാടുപുസ്തകത്തിന്റെ അവസാനഭാഗത്തു പ്രതിപാദിക്കുന്നത് (19:11–22:5). അവിടെ പ്രധാന കഥാപാത്രം ക്രിസ്തുവാണ്. ആ ക്രിസ്തുവിന്റെ ഒരു പ്രത്യേകതയാണ് ഈ വചനഭാഗത്തു പ്രതിപാദിക്കുന്നത്.

പുതിയ നിയമത്തിൽ സുവിശേഷങ്ങളിലും ലേഖനങ്ങളിലുമൊക്കെ അവതരിപ്പിക്കപ്പെടുന്ന ശാന്തനായ ഈശോയുടെ ചിത്രങ്ങളിൽനിന്നു വ്യത്യസ്തമായി അവിടുത്തെക്കുറിച്ചുള്ള ഒരു പുതിയ മാനം ഇവിടെ അവതരിപ്പിക്കുന്നു: "രാജാക്കന്മാരുടെ രാജാവും നാഥന്മാരുടെ നാഥനും."

വെള്ളക്കുതിരയുടെ പുറത്തിരിക്കുന്നവൻ 'വിശ്വസ്തനും' 'സത്യവാനു'മാണ്. നീതിയോടെ വിധിക്കുകയും പടപൊരുതുകയും ചെയ്യുന്നവനാണ് അവൻ. പഴയനിയമത്തിൽ ദൈവമായ കർത്താവിന്റെ വിശേഷണങ്ങളാണിവയെല്ലാം : Faithful, True, Righteous, Warrior.

ശിരസ്സിൽ അനേകം കിരീടങ്ങൾ ഉള്ളവനാണ് അവൻ. ഗ്രീക്കുഭാഷയിലെ 'ദിയാദെമാ' (diadema) എന്ന വാക്കിനർഥം കിരീടം (crown) എന്നാണ്. ഇതു സർവാധികാരത്തെ സൂചിപ്പിക്കുന്ന പദമാണ്. ഈശോ രാജാവാണെന്നും സർവശക്തനാണെന്നും ഇതു വ്യക്തമാക്കുന്നു. ഏഴു കിരീടങ്ങൾ ധരിച്ച സർപ്പത്തിന്റെയും (12:3), പത്തുകിരീടങ്ങൾ അണിഞ്ഞ മൃഗത്തിന്റെയും (13:1) അധികാരത്തെ അതിശയിക്കുന്നതാണ് അനേകം (many) കിരീടങ്ങൾ ധരിച്ച മിശിഹാ.

രക്തത്തിൽ മുക്കിയ മേലങ്കി (rob dipped in blood) യുദ്ധത്തിലുള്ള വിജയത്തിന്റെ അടയാളമാണ്. തിന്മയുടെ ശക്തികളെ പരാജയപ്പെടുത്തിയതിന്റെ, അധർമത്തിന് അറുതി വരുത്തിയതിന്റെ പ്രതീകമാണിത്. ഇപ്രകാരം ചെയ്തത് 'ലോഗോസ്' ആണ്. ദൈവത്തിന്റെ വചനമാണ് ഈശോ. തിന്മയ്ക്കെതിരേ ക്രിസ്തു നടത്തുന്ന യുദ്ധം മാനുഷികമായ ഒന്നല്ല; മഹത്ത്വീകൃതനായ ക്രിസ്തുവാണ് യുദ്ധം നയിക്കുന്നത്. മിശിഹാ രാജാവാണ്.

**യോഹന്നാൻ 18:33–37:** ഈശോയുടെ പീഡാനുഭവവിവരണത്തിന്റെ ഏറ്റവും ദൈർഘ്യമേറിയ ഭാഗമാണിത് (18:28–1:16). കൊട്ടാരത്തിനകത്തും പുറത്തുമായി നടക്കുന്ന വ്യത്യസ്തങ്ങളായ രംഗങ്ങളാണിവിടെയുള്ളത്. ഈശോയുടെ രാജത്വത്തെ സംബന്ധിച്ചു കൊട്ടാരത്തിനകത്തു നടക്കുന്ന സംഭാഷണമാണ് ഇന്നത്തെ സുവിശേഷവായനയുടെ പശ്ചാത്തലം.

പ്രത്തോറിയത്തിൽ പ്രവേശിക്കുന്ന പീലാത്തോസ് ഈശോയോടു ചോദിക്കുന്നത് 'നീ യഹൂദരുടെ രാജാവാണോ' എന്നാണ്. ഗ്രീക്കുഭാഷയിലെ 'ബസിലെയൂസ്' (Basileus) എന്ന വാക്കിന്റെ അർഥം രാജകീയാധികാരം കൈയാളുന്നവൻ എന്നാണ്. റോമൻ രാജഭരണം നിലനിൽക്കുമ്പോൾ അതിനു ബദലായുള്ള രാജത്വമാണോ ഈശോയുടേത് എന്നറിയാനുള്ള ചോദ്യമാണിത്. യഹൂദർ ഈശോയുടെ മേൽ ആരോപിച്ചത് ഒരു 'രാഷ്ട്രീയകുറ്റം' ആണ്. റോമൻ ഭരണാധികാരികളുടെ കോടതിയിൽ മരണശിക്ഷ ലഭിക്കാവുന്ന ഒന്നാണ് ഈ കുറ്റം. യഹൂദരുടെ ആരോപണം ശരിയാണോ എന്നറിയാനാണ് പീലാത്തോസ് ഈ ചോദ്യം ഉന്നയിക്കുന്നത്.

"എന്റെ രാജ്യം ഐഹികമല്ല" (18:36). താൻ എങ്ങനെയുള്ള രാജാവാണെന്ന ഈശോയുടെ ഉത്തരമാണിത്. 'കോസ്മോസ്' (kosmos) എന്ന ഗ്രീക്കുപദം ഭൗതികലോകത്തിന്റെ രാഷ്ട്രീയാധികാരത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. 'My kingship is not of this world' എന്ന വാക്യം ഈശോയുടെ രാജത്വം 'അലൗകികം' ആണെന്നു വ്യക്തമാക്കുന്നു. അതായത്, ദൈവരാജ്യത്തിന്റേതാണ് എന്ന്.

ഈശോയുടെ രാജത്വത്തിന്റെ സ്വഭാവം 'സത്യത്തിനു സാക്ഷ്യം വഹിക്കുക' എന്നതാണ് (18:37). സത്യത്തിന്റെ മാനുഷികരൂപമാണ് ഈശോ. അതു മനസ്സിലാക്കാത്തതിനാലാണ് പീലാത്തോസ് ചോദിക്കുന്നത് 'എന്താണു സത്യം' എന്ന് (18:38). ദൈവം സത്യമാണ്. ദൈവപുത്രനായ ഈശോ സത്യമാണ്. "വഴിയും സത്യവും ജീവനും ഞാനാണ്'' (യോഹ. 14:6). ■

# പ്രീണിപ്പിച്ചില്ലെങ്കിലും പീഡിപ്പിക്കാതിരുന്നെങ്കിൽ!



ഡോ. തോമസ് മൂലയിൽ

"എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്ന സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തുവന്നു." ഇത് ഏതെങ്കിലും പള്ളിപ്രസംഗത്തിലോ ധ്യാനപ്രസംഗത്തിലോ ഉദ്ധരിക്കപ്പെട്ട ബൈബിൾ ഭാഗമല്ല; മറിച്ച്, മാർക്സിസ്റ്റുപാർട്ടിയുടെ അനിഷേധ്യനേതാവും കേരളത്തിലെ മുഖ്യമന്ത്രിയുമായ സാക്ഷാൽ പിണറായി വിജയന്റെ ഉദ്ധരണിയാണ്! മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ ജൂബിലി ഉദ്ഘാടനത്തിനെത്തിയപ്പോഴാണ് മുഖ്യമന്ത്രി ഇതു പറഞ്ഞത്. ഈ ബൈബിൾ സന്ദേശം നടപ്പാക്കുന്ന ധ്യാനകേന്ദ്രത്തെ അഭിനന്ദിക്കാനും അദ്ദേഹം മറന്നില്ല. അവിടെയുള്ള പതിന്നാലു സാന്ത്വനഭവനങ്ങളും നൂറോളം കിടപ്പുരോഗികളെ പുനരധിവസിപ്പിക്കുന്ന കേന്ദ്രങ്ങളും അദ്ദേഹത്തിന്റെ പ്രശംസയ്ക്കു പാത്രമായി.

"കുരിശിൽനോക്കി പ്രാർഥിക്കുമ്പോൾ, കൈയിൽ ആണി തറയ്ക്കുന്ന അനുഭവമാണ് എനിക്കുള്ളത്. സുവിശേഷത്തിലെ ഒരു പേജെങ്കിലും ഞാൻ എന്നും വായിക്കും. പ്രയാസങ്ങളും പ്രതിസന്ധികളുമുണ്ടാകുമ്പോൾ ആശ്വാസം നല്കുന്ന ഒരു വാക്യമോ ആശയമോ എനിക്കതിൽനിന്നു ലഭിക്കും." കരിസ്മാറ്റിക് ധ്യാനംകൂടി നവീകരണത്തിലേക്കു വന്ന ഒരു ഭക്തന്റെ വാക്കുകളല്ല ഇത്. പിന്നെ ആരുടേതാണ്? അടുത്തുവരുന്ന ഉദ്ധരണിയിൽനിന്ന് അതു വ്യക്തമാകും. "ഞാൻ പ്രതിപക്ഷനേതാവായപ്പോൾ സോളമനെപ്പോലെയാണു പ്രാർഥിച്ചത്. ദൈവമേ, എനിക്കു പണമോ പ്രശസ്തിയോ ഒന്നുമല്ല വേണ്ടത്; എന്റെ ജനത്തെ നയിക്കാനുള്ള ജ്ഞാനമാണ്." ഒരു പ്രാക്ടീസിങ് ക്രിസ്ത്യാനിക്കുപോലും ഇങ്ങനെ പറയാൻ കഴിയുമോ? അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ സ്ഥാനാരോഹണച്ചടങ്ങിൽ, പിതാവിന്റെ പ്രസംഗചാതുരിയും സംഗീതമികവും എടുത്തുപറഞ്ഞഭിനന്ദിച്ചു. കൂടാതെ, കാലം ചെയ്ത അഭിവന്ദ്യ കാവുകാട്ടുപിതാവിന്റെ പ്രഥമ ഇടയലേഖനം തന്റെ കൈവശമുണ്ടെന്നും അതിലെ ഏറ്റവും ആകർഷിച്ച 'Carite servire' (to serve with love) എന്ന ആപ്തവാക്യം മുറുകെ പിടിക്കുന്നെന്നും നേതാവു പറഞ്ഞു. മാമ്മോദീസാ മുങ്ങിയിട്ടില്ലെങ്കിലും ഒരു പ്രാക്ടീസിങ് കാത്തലിക് ആയി തോന്നിപ്പോകുകയില്ലേ? ന്യൂനപക്ഷ പ്രീണനത്തിന്റെ നേർച്ചിത്രം!


പള്ളിയിൽ കയറി മാതാവിനു സ്വർണക്കിരീടമണിയിച്ചും മാലയിട്ടും മാതൃസ്തുതിപ്പുകൾ പാടിയും ബി.ജെ.പി. നേതാവും കേന്ദ്രമന്ത്രിയുമായ സുരേഷ് ഗോപി ക്രൈസ്തവപക്ഷം ചേരുന്നു. താൻ പഠിച്ച ഇൻഫന്റ് ജീസസ് സ്കൂളിൽ ജൂബിലി ആഘോഷത്തിനെത്തി, തന്നെ പഠിപ്പിച്ച ക്രൈസ്തവ അധ്യാപകരെ വാനോളം പുകഴ്ത്തിയും ആ സ്കൂളിൽ നില്ക്കുമ്പോഴുണ്ടാകുന്ന ആനന്ദാനുഭൂതി വർണിച്ചും 'നന്ദിയാൽ പാടുന്നു ദൈവമേ' എന്ന പുതുഗാനം ആലപിച്ചും കുട്ടികളെക്കൊണ്ടു പാടിച്ചും കൂടെപ്പാടിയും ക്രൈസ്തവസ്ഥാപനങ്ങളെ പുകഴ്ത്തി നിർവൃതിയടയുന്ന താരമൂല്യമുള്ള ബി.ജെ.പി. നേതാവ്!

മാർക്സിസ്റ്റ് പാർട്ടിയുടെയും കോൺഗ്രസിന്റെയും ബി.ജെ.പി.യുടെയും ന്യൂനപക്ഷപ്രീണനത്തിന്റെ സാമ്പിൾ വെടിക്കെട്ടുകളാണു മേൽവിവരിച്ചത്.

കേരളത്തിൽ ഇടതുവലതുപക്ഷപാർട്ടികൾ മാറിമാറി ഭരിച്ചതിന്റെയും, പ്രത്യക്ഷമായും പരോക്ഷമായും ക്രൈസ്തവരെ പീഡിപ്പിച്ചതിന്റെയും ചരിത്രകഥകൾ നിരവധിയാണ്. അതേസമയം, കേരളത്തിൽ ഇതുവരെയും ഭരണം പിടിക്കാൻ കഴിയാത്തതിനാൽ, ബിജെപിയുടെ പീഡനകഥകൾ പറയാനില്ലായിരിക്കാം. പക്ഷേ, ഇക്കൂട്ടർ മൃഗീയഭൂരിപക്ഷത്തോടെ രാജ്യം അടക്കിഭരിച്ചപ്പോൾ നടന്ന ക്രൈസ്തവവേട്ടയുടെ ഞെട്ടിക്കുന്ന കഥകൾ മനസ്സിൽനിന്നു മായുന്നില്ല.

ക്രൈസ്തവർക്കു തിരിച്ചടിക്കാൻ പാടില്ലല്ലോ. ഒരു ചെകിട്ടത്തടിക്കുന്നവന് മറ്റേ ചെകിട്ടുകൂടി കാണിച്ചു കൊടുക്കാനാണ് ക്രിസ്തു പറഞ്ഞിട്ടുള്ളത്. പോരാ, ശത്രുവിനെ സ്നേഹിക്കുകയുംകൂടി ചെയ്യണം. അവസരത്തിനൊത്ത് ബൈബിൾ ഉദ്ധരിക്കുന്ന എല്ലാ പാർട്ടിക്കാർക്കും ഇത് അറിയാം. തന്നെയുമല്ല, ഒരു മെത്രാനും ഒരു സിനഡും മറിച്ചൊരു നിർദേശം നല്കിയതായി ചരിത്രത്തിലില്ല. ഇനിയൊട്ട് ഉണ്ടാവുകയുമില്ല. മാർപാപ്പാമാർ ചെല്ലുന്നിടത്തെല്ലാം ആവർത്തിച്ച് ആഹ്വാനം ചെയ്യുന്നതും സമാധാനത്തിനുവേണ്ടിയാണ്, കലഹവും ഭിന്നതയും യുദ്ധവും കൊല്ലും കൊലയുമല്ല. ഈ നിലപാടു വ്യക്തമായി അറിയാവുന്ന തത്പരകക്ഷികൾ ക്രൈസ്തവരുടെമേൽ കുതിര കയറുന്നു; അവരെ അടിച്ചമർത്താൻ ശ്രമിക്കുന്നു.

ഇടതും വലതുമായ ഭരണാധികാരികൾ ഭരിക്കുമ്പോൾ അവരാണ് കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കിയത് എന്ന വീരവാദം മുഴക്കും. ഉദാഹരണത്തിന് വിദ്യാഭ്യാസമേഖല. ക്രൈസ്തവ മിഷനറിമാർ കേരളത്തിൽ വന്നില്ലായിരുന്നെങ്കിൽ കേരളത്തിന്റെ അവസ്ഥ എന്താകുമായിരുന്നു? ജാതിവർണവേർതിരിവും തീണ്ടലും തൊടീലും ബ്രാഹ്മണാധിപത്യവും എല്ലാംകൊണ്ടു മലീമസമായ ഒരന്തരീക്ഷം കേരളത്തിലുണ്ടായിരുന്നെന്നോർക്കണം. നമ്പൂതിരിയും നായരും ഈഴവനും പറയനും പുലയനുമൊക്കെയായി ജനങ്ങൾ വിഭജിക്കപ്പെട്ടിരുന്നല്ലോ. ബ്രാഹ്മണൻ ബ്രഹ്മാവിന്റെ തലയിൽനിന്നും ക്ഷത്രിയൻ തോളിൽനിന്നും വൈശ്യർ തുടയിൽനിന്നും ശൂദ്രർ കാലിൽനിന്നും ചണ്ഡാളൻ പാദത്തിൽനിന്നുമാണുണ്ടായതെന്നു കരുതിപ്പോന്നു! 1906 ലെ ട്രാവൻകൂർ സ്റ്റേറ്റ് മാനുവലിൽ 1050 ഉപജാതികൾ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. തീണ്ടൽ




തൊടീലിന്റെ അകലവും രേഖപ്പെടുത്തിയിട്ടുണ്ട്. "നമ്പൂരിയെ നായർ തൊട്ടാൽ നമ്പൂരി അശുദ്ധനാകും. ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ മുതലായവർ നമ്പൂരിയിൽനിന്ന് 24 അടിയും പുലയർ 48 അടിയും പറയൻ 64 അടിയും അകലം പാലിക്കണം. അപ്പോൾ, ഇത്രയും അകലം പാലിക്കേണ്ടവർ വിദ്യാഭ്യാസകാര്യത്തിൽ എന്തുമാത്രം അകലെ നിൽക്കണമായിരുന്നു!

1846 ൽ ചാവറയച്ചൻ സ്ഥാപിച്ച സംസ്കൃതവിദ്യാലയത്തിൽ ഈ അകലെനിൽക്കുന്നവരെയൊക്കെ ഒരേ ബെഞ്ചിലിരുത്തി പഠിപ്പിച്ചു വിപ്ലവം സൃഷ്ടിച്ചത് ചരിത്രരേഖയാണ്. 1864 ൽ പള്ളിയോടനുബന്ധിച്ചു പള്ളിക്കൂടം സ്ഥാപിക്കണമെന്ന അദ്ദേഹത്തിന്റെ കല്പന കേരളത്തിൽ സാംസ്കാരികവിപ്ലവം സൃഷ്ടിച്ച രേഖയാണ്. ചാവറയച്ചനെപ്പറ്റി ഡോ. രാധാകൃഷ്ണൻ പറയുന്നു: "കേരളത്തിലെ ജാതീയമായ വിവേചനങ്ങളെയും അനാചാരങ്ങളെയും തകർക്കാൻ വിദ്യാഭ്യാസത്തിലൂടെ വിപ്ലവം സൃഷ്ടിച്ച നവോത്ഥാനനായകനാണ് ചാവറയച്ചൻ." ഈ ചാവറയച്ചന്റെ പേരുപോലും ചേർക്കാതെ ഏഴാം ക്ലാസിലെ 'നവകേരളസൃഷ്ടിക്കായി' എന്ന എട്ടാം പാഠം പഠിപ്പിച്ചുകൊണ്ടാണു ക്രൈസ്തവന്യൂനപക്ഷത്തെ 'ആദരി'ച്ചത്. കേരളത്തിന്റെ നവോത്ഥാനനായകനായി കേരളസർക്കാർ വിദ്യാർഥികളെ പഠിപ്പിച്ച ശ്രീനാരായണഗുരുവിന് 1864 ൽ ചാവറയച്ചൻ തന്റെ സുപ്രസിദ്ധമായ കല്പന പുറപ്പെടുവിക്കുമ്പോൾ എട്ടുവയസ്സേ ഉണ്ടായിരുന്നുള്ളൂ എന്നോർക്കണം! ക്രൈസ്തവന്യൂനപക്ഷത്തെ ചരിത്രപരമായി പീഡിപ്പിച്ചതിന് ഒരുദാഹരണം ചൂണ്ടിക്കാണിച്ചെന്നു മാത്രം. വിദ്യാഭ്യാസം, ആതുരശുശ്രൂഷ മുതലായ രംഗങ്ങളിൽ ക്രൈസ്തവർ നല്കിയ അതുല്യമായ സേവനങ്ങൾക്ക് അംഗീകാരം കൊടുക്കുന്നില്ലെന്നുമാത്രമല്ല, പരമാവധി പീഡിപ്പിക്കാനുള്ള ശ്രമങ്ങളാണ് ഇടതും വലതുമായ സർക്കാരുകൾ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതും.

'ഓണം പിറന്നാലും ഉണ്ണിപിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി' എന്നൊരു ചൊല്ലുണ്ടല്ലോ. പക്ഷേ, ആ കോരന്മാരൊക്കെ കുബേരന്മാരായി പൊൻതളികയിൽ ചോറുണ്ണുമ്പോൾ ക്രിസ്ത്യാനിയായിപ്പോയി എന്ന ഒറ്റക്കാരണത്താൽ കുമ്പിളിൽത്തന്നെ കഞ്ഞികുടിക്കാൻ വിധിക്കപ്പെട്ട ഒരു ജനതയാണു കേരളത്തിലെ ദളിത് ക്രൈസ്തവർ. ഈ ക്രൈസ്തവന്യൂനപക്ഷം നേരിടുന്ന പീഡനങ്ങൾ പറഞ്ഞറിയിക്കാൻ പുസ്തകംതന്നെ എഴുതേണ്ടിവരും. അതുകൊണ്ട്, ആ സാഹസത്തിനു മുതിരുന്നില്ല.

ഇന്നിപ്പോൾ കത്തിനിൽക്കുന്ന വിഷയം മുനമ്പം പ്രശ്നമാണല്ലോ. മുനമ്പം വഖഫ് ഭൂമിതന്നെയാണെന്നു വഖഫ് ബോർഡ് ചെയർമാൻ എം.കെ. സഖീർ തറപ്പിച്ചുപറയുകയുണ്ടായി. സാങ്കേതികമായി അതു ശരിയുമാണ്. അതുകൊണ്ടാണല്ലോ ആ പാവം ജനത ഒരു മാസത്തിലധികമായി സമരത്തിലേർപ്പെട്ടിരിക്കുന്നത്. അവർ പണം കൊടുത്തു വാങ്ങി, പോക്കുവരവു നടത്തി, കൈവശംവച്ചനുഭവിച്ചുകൊണ്ടിരിക്കുന്ന ഭൂമി ഒരു സുപ്രഭാതത്തിൽ അവരുടേതല്ലാതായി മാറുന്നു! തത്ഫലമായി, അവർക്ക് ആ ഭൂമിയുടെമേൽ ഒരവകാശവുമില്ലാതാകുന്നു. അതോടെ, അവരുടെ ജീവിതം വഴിമുട്ടി നില്ക്കുന്നു. വസ്തു കൈമാറ്റം ചെയ്യാനാവുന്നില്ല. ആ ഭൂമിയുടെ ഈടിന്മേൽ കടമെടുക്കാനോ ലോൺ എടുക്കാനോ സാധ്യമല്ല. അവരുടെ കുട്ടികളെ പഠിപ്പിക്കാനോ ജീവിതസുരക്ഷിതത്വം ഉറപ്പാക്കാനോ കഴിയുന്നില്ല. പെൺമക്കളെ വിവാഹം ചെയ്തയയ്ക്കാനാവുന്നില്ല.

2009 ലാണ് മുനമ്പത്തെ വഖഫ് ഭൂമിയായി പ്രഖ്യാപിച്ചത്. 1902 ൽ തിരുവിതാംകൂർ രാജാവ് സത്താർ സേട്ടിനു പാട്ടഭൂമിയായി നല്കിയതാണ് മുനമ്പത്തെ ഭൂമി. പാട്ടക്കരാർ അനുസരിച്ചുള്ള കാലാവധി കഴിഞ്ഞപ്പോൾ അത് സിദ്ധിക് സേട്ടുവിന്റെ ഭൂമിയായി അനധികൃതമായി പ്രഖ്യാപിക്കുകയാണുണ്ടായത്. അതു നിയമപരമായി സർക്കാർഭൂമിയാകേണ്ടതാണ്; ഒരു കാരണവശാലും അത് ഒരു വ്യക്തിയുടേതായി കണക്കാക്കാൻ ന്യായമില്ല. 1950 ലെ ഡീഡ് വ്യക്തമായിപ്പറയുന്നുണ്ട്; അത് വഖഫ് ഭൂമിയല്ല എന്ന്. ഫറൂഖ് കോളജും അനുബന്ധിച്ചുള്ള സ്ഥലവും 'ഗിഫ്റ്റഡ് ഡീഡ്' ആയിട്ടാണു നല്കപ്പെട്ടിട്ടുള്ളത്. ക്രിയവിക്രയസ്വാതന്ത്ര്യമുള്ള ഭൂമിയായിട്ടാണ് അവർ നല്കിയിട്ടുള്ളത്. പിന്നെ, എങ്ങനെയാണ് ഇതു വഖഫ് ഭൂമിയായി ചിത്രീകരിച്ചു ജനങ്ങളെ ചൂഷണം ചെയ്യാൻ കഴിയുന്നത്? ആ ഭൂമി ആ ജനതയുടേതാണ്. വഖഫിന് അതിന്മേൽ യാതൊരവകാശവുമില്ല എന്നതു രേഖാമൂലം തെളിയിക്കാൻ സാധിക്കുന്ന കാര്യമാണ്. 1975 ൽ ഫറൂഖ് കോളജും മുനമ്പം നിവാസികളും തമ്മിലുള്ള തർക്കം കോടതിയിലെത്തിയപ്പോൾ ഫറൂഖ് കോളജിനനുകൂലമായി വിധിയിൽ പറയുന്നത് ഇതു രജിസ്റ്റേർഡ് ഗിഫ്റ്റ് ഡീഡ് ആണെന്നാണ്, വഖഫ് ഡീഡ് എന്നല്ല. ഈ വസ്തുത വഖഫ് ബോർഡ് അംഗീകരിച്ചുകൊണ്ടും ഈ ഭൂമി വഖഫിന്റേതല്ലെന്നു പ്രഖ്യാപിച്ചുകൊണ്ടുമുള്ള ഒരു രേഖ ഉണ്ടാവണം. വഖഫ് ബോർഡ് അതിനു തയ്യാറാകുന്നില്ലെങ്കിൽ, സർക്കാർ ഇടപെട്ട് അവരെക്കൊണ്ട് അതു ചെയ്യിക്കണം.

കരുത്തുള്ള ന്യൂനപക്ഷത്തോടു പക്ഷംചേർന്ന് അവരെ പ്രീണിപ്പിക്കുകയും ദുർബലരായ ന്യൂനപക്ഷത്തെ പീഡിപ്പിക്കുകയും ചെയ്യുന്ന അന്യായവും ക്രൂരവുമായ നിലപാട് സർക്കാർ തിരുത്തണം. പ്രതിപക്ഷവും അതിനു സർക്കാരിന്റെമേൽ സമ്മർദം ചെലുത്തണം. നാക്കും വാക്കും മൈക്കുമുപയോഗിച്ചല്ല, നിലപാടും നടപടിയുമെടുത്താണ് ന്യൂനപക്ഷപ്രീണനം നടത്തേണ്ടത്. ഇന്ന് എവിടെയും മുഴങ്ങിക്കേൾക്കുന്ന 'ഡീൽ' അല്ല, ഡീഡ് ആണ് ഉണ്ടാവേണ്ടത്. ഉപകാരം ചെയ്തില്ലെങ്കിലും ഉപദ്രവിക്കാതിരുന്നെങ്കിൽ! പ്രീണിപ്പിച്ചില്ലെങ്കിലും പീഡിപ്പിക്കാതിരുന്നെങ്കിൽ!

■

# ഡൊണാൾഡ് ട്രംപ്: പ്രതീക്ഷയോടെ രണ്ടാമൂഴം

1–ാം പേജ് തുടർച്ച

**പശ്ചിമേഷ്യയും യുക്രെയ്നും**

ലോകത്ത് യുദ്ധങ്ങൾ അവസാനിപ്പിക്കാൻ ട്രംപിനേ കഴിയൂ എന്നു ലോക ജനതയ്ക്കൊപ്പം അമേരിക്കൻ ജനതയും വിശ്വസിക്കുന്നതിന്റെ പ്രതിഫലനമാണ് അദ്ദേഹത്തിന്റെ ഈ മിന്നുംവിജയം. അമേരിക്കയിൽ അറബ് മുസ്ലിം ഭൂരിപക്ഷമുള്ള മിഷിഗൻ സ്റ്റേറ്റിലെ ഡിയർബോൺ നഗരത്തിൽ ട്രംപിനു മൃഗീയഭൂരിപക്ഷമാണു ലഭിച്ചത്. യുദ്ധം അവസാനിപ്പിക്കാനും ഇസ്ലാമികഭീകരതയുടെ ഫലമായി പശ്ചിമേഷ്യയിലുണ്ടായ യുദ്ധക്കെടുതിയിൽനിന്ന് അതിൽ പങ്കില്ലാത്ത മുസ്ലിം സഹോദരങ്ങളെ രക്ഷിക്കാനും ട്രംപ് ജയിക്കണമെന്ന വികാരമാണ് അവർ അൽ ജസീറ അടക്കമുള്ള അന്താരാഷ്ട്ര മാധ്യമങ്ങളോടു പങ്കുവച്ചത്.

വ്ളാദിമിർ സെലൻസ്കിക്ക് അനാവശ്യപ്രേരണകൾ നൽകി യുക്രെയ്നെ യുദ്ധത്തിലേക്ക് എടുത്തുചാടിച്ചത് പ്രസിഡന്റ് ജോ ബൈഡനും വൈസ് പ്രസിഡന്റ് കമലാ ഹാരിസും അടങ്ങുന്ന ഡീപ് സ്റ്റേറ്റ് ആണെന്നതു രഹസ്യമല്ല. അതുകൊണ്ടുതന്നെ ഈ സാമ്പത്തിക മാന്ദ്യകാലത്ത് യുക്രെയ്നിലെ യുദ്ധാവശ്യത്തിനായി നാറ്റോ സഖ്യത്തിനുവേണ്ടി അമേരിക്ക മില്യൺകണക്കിനു ഡോളർ അനാവശ്യമായി ചെലവഴിക്കുന്നതു ചൂണ്ടിക്കാട്ടിയ ട്രംപിനൊപ്പം ജനം നിന്നു. അതേസമയം, പശ്ചിമേഷ്യൻവിഷയത്തിൽ പലപ്പോഴും ബൈഡന്റെ തീരുമാനങ്ങൾ പാളിപ്പോയതും നാം കണ്ടു.

സെപ്റ്റംബർ 11 ലെ വേൾഡ് ട്രേഡ് സെന്റർ തകർത്തതടക്കമുള്ള ഇസ്ലാമിക ഭീകരാക്രമണപരമ്പരകളിൽ ആയിരങ്ങൾ കൊല്ലപ്പെടുകയും അഭിമാനം വ്രണപ്പെടുകയും ചെയ്ത അമേരിക്കൻജനതയുടെ മനസ്സ് ഭീകരാക്രമണം നേരിടുന്ന ഇസ്രായേലിനൊപ്പമാണ്. അതു മറന്ന ബൈഡൻ പലപ്പോഴും ഇസ്രായേൽ പ്രധാനമന്ത്രി നെതന്യാഹുവിനോടു പിണങ്ങുകയും ആയുധം നിഷേധിക്കുകയും ചെയ്തു. ഇത് അമേരിക്കയിലെ സാധാരണക്കാർക്കിടയിൽ ഡെമോക്രാറ്റുകളുടെ നിലപാടു സംബന്ധിച്ച് സംശയം ജനിപ്പിക്കാനിടയാക്കി. ഇസ്രായേലിനെ അമേരിക്ക തങ്ങളുടെ ഒരു സ്റ്റേറ്റ് എന്നവണ്ണം പരിഗണിക്കുന്നതിനപ്പുറം അമേരിക്കയിൽ മികച്ച സ്വാധീനമുള്ള വിഭാഗമാണ് ജൂതർ. ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ ഒക്കെ അവരുടെ നിയന്ത്രണത്തിലാണ്. അതുകൊണ്ടുതന്നെ പലപ്പോഴും ആഗോള ഇടത്-തീവ്ര ഇസ്ലാമിസ്റ്റ് ചേരിയുടെ താത്പര്യങ്ങൾക്ക് അനുകൂലമായി ചാഞ്ചാടിയത് ബൈഡൻ – കമലാ ഹാരിസ് നേതൃത്വത്തിനു തിരിച്ചടിയായി.

**ക്രൈസ്തവമൂല്യസ്വാധീനം**

ദേവാലയത്തിൽ പോയാലുമില്ലെങ്കിലും, ക്രിസ്തുമതവിശ്വാസത്തിനപ്പുറം, അമേരിക്കൻ ജീവിതരീതിയും കാഴ്ചപ്പാടും ക്രൈസ്തവമൂല്യങ്ങളാൽ രൂപപ്പെട്ടതും അങ്ങനെതന്നെ പിന്തുടർന്നുപോരുന്നവയുമാണ്. പള്ളികൾ അടയുന്നു എന്നൊക്കെ ആരോപണം ഉയരുമ്പോഴും ഇത്രമേൽ ക്രിസ്തീയത അനുഭവപ്പെടുന്ന മറ്റൊരു രാജ്യമില്ല. ഒബാമയടക്കമുള്ളവർ തങ്ങളുടെ ക്രൈസ്തവവിശ്വാസം പലരീതിയിൽ പ്രകടിപ്പിച്ചുപോന്നിരുന്നു. അതേസമൂഹത്തിൽ, കമലാ ഹാരിസ് തന്റെ നിരീശ്വരവാദം പ്രകടമായിത്തന്നെ അവതരിപ്പിച്ചത് തിരിച്ചടിയായി. കത്തോലിക്കനായ ബൈഡൻ ഗർഭച്ഛിദ്രമടക്കമുള്ള കാര്യങ്ങളിൽ ക്രൈസ്തവവിരുദ്ധമായ നിലപാടുകൾ സ്വീകരിച്ചപ്പോൾ ട്രംപ് ഗർഭച്ഛിദ്രം അനുവദിക്കാനാവില്ല എന്ന ഉറച്ച നിലപാട് സ്വീകരിക്കുകയും തന്റെ മതവിശ്വാസമൂല്യങ്ങൾ ഉറക്കെ പ്രകടിപ്പിക്കുകയും ചെയ്തത് യാഥാസ്ഥിതികവോട്ടുകൾ ട്രംപിന് അനുകൂലമാക്കി. അതുകൊണ്ടുതന്നെ, വിശുദ്ധനാടിനുമേലുള്ള ഇസ്ലാമിക ഭീകരപ്രവർത്തനങ്ങളുടെ നേർക്ക് ബൈഡനും കമലാ ഹാരിസും സ്വീകരിച്ച അയഞ്ഞ സമീപനം അവരുടെ അടിത്തറയിളക്കി.

**യുദ്ധങ്ങൾ അവസാനിക്കുമോ?**

അത്ര സുഖകരമല്ലാത്ത ജോ ബൈഡൻ – ഇസ്രായേൽ കൂട്ടുകെട്ടിൽനിന്ന് വ്യത്യസ്തമായി ഭീകരതയ്ക്കെതിരേ ഒരേ കാഴ്ചപ്പാടിൽ ദൃഢമായ ബന്ധം പുലർത്തുന്ന ട്രംപ്-നെതന്യാഹു കൂട്ടുകെട്ട് കൂടുതൽ ഫലപ്രദമായിരിക്കും. ഇസ്ലാമിക ഭീകരതയ്ക്കെതിരേ സന്ധിയില്ലാസമരം പ്രഖ്യാപിച്ചിട്ടുള്ള ട്രംപ്, ഹമാസ് – ഹിസ്ബുല്ല – ഇറാൻ അച്ചുതണ്ടിനെ അടിച്ചുതകർക്കുകതന്നെ ചെയ്യുമെന്നു ലോകം പ്രതീക്ഷിക്കുന്നു. ഇസ്രായേലിന്റെ തലസ്ഥാനമായി ജെറുസലേമിനെ അംഗീകരിച്ചിട്ടുള്ള ട്രംപ് അതേസമയം, പാലസ്തീനെ ഒരു രാജ്യമായിപ്പോലും അംഗീകരിച്ചിട്ടില്ല എന്നുമാത്രമല്ല, ഇസ്രയേലും അറബ്‌രാജ്യങ്ങളുംതമ്മിൽ മികച്ച നയതന്ത്രബന്ധം ഊട്ടിയുറപ്പിച്ച 'അബ്രഹാം ഉടമ്പടി'ക്ക് ചുക്കാൻ പിടിച്ചയാളുമാണ്. പശ്ചിമേഷ്യയിലെ ഭീകരസംഘടനകളുടെ ഉന്മൂലനം അതിവേഗത്തിലാക്കാൻ പച്ചക്കൊടി കാണിക്കുന്ന ട്രംപ് ഒരുപക്ഷേ, ഇറാനെ നേരിട്ടാക്രമിക്കാനും മടികാണിക്കില്ല. ട്രംപിന്റെ മുൻ ഭരണകാലത്ത് പശ്ചിമേഷ്യയിലടക്കം ലോകത്ത് യുദ്ധങ്ങൾ ഉണ്ടായില്ല എന്നുമാത്രമല്ല, ഇസ്ലാമിക് സ്റ്റേറ്റ് അഥവാ ഐ എസ് ഭീകരരെ ഉന്മൂലനം ചെയ്യുകയും ചെയ്തു എന്നോർക്കണം.



ഉത്തരകൊറിയൻ പ്രസിഡന്റ് കിം ജോങ് ഉന്നുമായി വരെ ചർച്ചകൾ നടത്തിയ ആളാണ് ട്രംപ് എന്നതു മറക്കരുത്.

റഷ്യയുമായി അമേരിക്കയ്ക്കു ഭിന്നതകൾ ഏറെയുണ്ടെങ്കിലും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുട്ടിനും ട്രംപും നല്ല സുഹൃത്തുക്കളാണ്. റഷ്യക്കെതിരേയുള്ള യുദ്ധത്തിൽ യുക്രെയ്നെ സഹായിക്കുന്നത് നാറ്റോ രാഷ്ട്രങ്ങളാണെങ്കിലും അതിൽ ഭീമമായ സംഭാവനയും അമേരിക്കയുടേതാണ്. ഇതരരാജ്യങ്ങളുടെ യുദ്ധാവശ്യത്തിനായി പണം ചെലവഴിക്കാൻ വിമുഖത കാണിക്കുന്ന ട്രംപ് മറ്റു നാറ്റോരാജ്യങ്ങളോടു കൂടുതൽ വിഹിതം ആവശ്യപ്പെടാനാണു സാധ്യത. ഏറ്റവുമധികം ആയുധസഹായം നൽകുന്ന അമേരിക്ക പിന്മാറിയാൽ യുക്രെയിനിന്റെ വലിയ പരാജയമാവും ഫലം. അതുകൊണ്ടുതന്നെ റഷ്യ- യുക്രെയ്ൻ യുദ്ധത്തിൽ മൂന്നു നീക്കങ്ങൾ പ്രതീക്ഷിക്കാം.

1. വ്ളാഡിമിർ സെലൻസ്കിക്കുമേൽ യുദ്ധം അവസാനിപ്പിക്കാൻ സമ്മർദം ചെലുത്തുക.
2. അമേരിക്ക ആയുധ-സാമ്പത്തികസഹായം നൽകുന്നതു നിർത്തി യുക്രെയ്നെ റഷ്യയുടെ മുമ്പിൽ അടിയറവു പറയിക്കുക
3. ഡീപ് സ്റ്റേറ്റ് പിന്തുണയുള്ള സെലെൻസ്കിയെ നീക്കി ട്രംപിന്റെ താത്പര്യങ്ങൾക്കു വഴങ്ങുന്ന പുതിയ പ്രസിഡന്റിനെ വാഴിക്കുക

പശ്ചിമേഷ്യൻ പ്രശ്നത്തിൽ ട്രംപ് നൽകിയ ഉറപ്പിന്റെ ബലത്തിലാവണം അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പുഫലം അറിഞ്ഞപ്പോൾത്തന്നെ നെതന്യാഹു, താനുമായി അത്ര സ്വരച്ചേർച്ചയിലല്ലാത്ത പ്രതിരോധമന്ത്രി യോവ് ഗാലന്റിനെ പുറത്താക്കിയത്. അതേസമയം തന്നെ, ഹമാസിന് എല്ലാ ഒത്താശകളും ചെയ്തിരുന്ന ഖത്തർ, ഹമാസുമായുള്ള മധ്യസ്ഥചർച്ചകളിൽനിന്നു തങ്ങൾ പിന്മാറുകയാണെന്നു പ്രഖ്യാപിക്കുകയും ഇപ്പോൾത്തന്നെ ഓഫീസ് അടച്ച് രാജ്യം വിട്ടുപോകാൻ ഹമാസിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

യു.എൻന്റെ അമേരിക്കൻവിരുദ്ധതയിൽ പ്രതിഷേധിച്ച് അവർക്കുള്ള സാമ്പത്തിക സഹായം നിർത്തിവച്ചിരുന്ന ട്രംപ് തന്റെ രണ്ടാമൂഴത്തിലും ഇതേനയംതന്നെ തുടരാനാണു സാധ്യത. പശ്ചിമേഷ്യയിൽ ഇസ്ലാമിസ്റ്റുകളെ പിന്തുണയ്ക്കുന്ന നയം യു. എൻ സ്വീകരിച്ചതും പല യു.എൻ. സംഘാംഗങ്ങളും ഭീകരപ്രവർത്തകർക്ക് ഒത്താശ ചെയ്തു കൊടുത്തതും ട്രംപിന്റെ ഈ തീരുമാനത്തെ കൂടുതൽ ബലപ്പെടുത്തിയേക്കും.

**ഇന്ത്യയ്ക്ക് ഗുണകരമോ?**

ഇന്ത്യയ്ക്കും ലോകത്തിനും ട്രംപിന്റെ രണ്ടാമൂഴം ഗുണകരമാവുമോ? ഇന്ത്യയുടെ ആഗോളനയതന്ത്രത്തിനും സൈനികസഹകരണത്തിനും കലവറയില്ലാതെ പിന്തുണ നൽകുന്ന ട്രംപ്, ഡീപ് സ്റ്റേറ്റിനെതിരേയുള്ള ചെറുത്തുനില്പിനും നമുക്കു താങ്ങാകും. പാകിസ്ഥാനെതിരേ ഇന്ത്യയ്ക്കൊപ്പം നിൽക്കുന്ന ട്രംപ് ചൈനയുമായി ഗാൽവാൻ അതിർത്തിയിൽ പ്രശ്നമുണ്ടായപ്പോഴും ഇന്ത്യയെ പിന്തുണച്ചു. തിരഞ്ഞെടുപ്പിൽ ഉറ്റ തോഴനായിരുന്ന ഇലോൺ മസ്കുമായി സാങ്കേതികവിദ്യകൈമാറ്റങ്ങളും വ്യവസായകരാറുകളും ഇന്ത്യയ്ക്കു ലഭ്യമാകാൻ വഴിതുറന്നേക്കാം. മസ്കിന്റെ ഉടമസ്ഥതയിലുള്ള സ്റ്റാർ ലിങ്കിന്റെ ബഹിരാകാശം ഭരിക്കുന്ന 7000 ഉപഗ്രഹങ്ങളുടെ ശൃംഖലയുടെ സേവനവും നമുക്കു ലഭ്യമാകാം.

തികഞ്ഞ കച്ചവടക്കാരനായ ട്രംപ് അമേരിക്കയുടെ വളർച്ചമാത്രം ലക്ഷ്യം വയ്ക്കുന്ന കടുത്ത ദേശീയവാദിയാണ്. അതുകൊണ്ടുതന്നെ കച്ചവടതാത്പര്യങ്ങൾ ഇന്ത്യയ്ക്ക് അത്ര അനുകൂലമാവാനിടയില്ല.

ട്രംപിന്റെ വിജയത്തോടെ ഓഹരിവിപണി കുതിച്ചുയർന്നതിനൊപ്പം ഡോളർവിലയും ക്രിപ്റ്റോ കറൻസി വിലയും കൂടി. അതേസമയം, ക്രൂഡോയിൽ, സ്വർണം എന്നിവയുടെ വില താഴുകയും ചെയ്തു. ബിറ്റ് കോയിൻവില ഒരുദിവസംകൊണ്ട് ഒമ്പതു ശതമാനത്തോളം വർധിച്ചപ്പോൾ ഇ ലോൺ മസ്കിന് നിക്ഷേപമുള്ള ഡിജി കോയിൻ 26 ശതമാനം വർധനയാണു രേഖപ്പെടുത്തിയത്!

ക്രൂഡോയിൽ വില ഇടിയുന്നത് ആഗോളവിപണിക്ക് ആശ്വാസമാകുമെങ്കിലും ഡോളർ വില ഉയരുന്നത് അത്ര നല്ലതല്ല. വികസ്വര – അവികസിതരാഷ്ട്രങ്ങളുടെ കടങ്ങൾ ഡോളർ മൂല്യത്തിലാണ് എന്നതുകൊണ്ടുതന്നെ തിരിച്ചടവിനു കൂടുതൽ തുക കണ്ടെത്തേണ്ടി വരും. അതുകൊണ്ടാണ് അടുത്തിടെ നടന്ന ബ്രിക്സ് ഉച്ചകോടിയിൽ അംഗരാജ്യങ്ങൾ തമ്മിലുള്ള വിനിമയം തനത് കറൻസികളിലാക്കാനുള്ള നീക്കം ശക്തിപ്പെടുത്താൻ തീരുമാനമെടുത്തത്. സൗദി അറേബ്യയടക്കമുള്ള പല അറബ് രാജ്യങ്ങളും ബ്രിക്സ് കൂട്ടായ്മയിൽ ചേരാൻ താത്പര്യം പ്രകടിപ്പിക്കുന്നുമുണ്ട്. അമേരിക്കൻ ഉത്പന്നങ്ങൾക്ക് കൂടുതൽ ഇറക്കുമതിച്ചുങ്കം ഏർപ്പെടുത്തുന്ന രാജ്യങ്ങളിൽനിന്നും അമേരിക്കയിലേക്കുള്ള ഇറക്കുമതിക്ക് ചുങ്കം വർധിപ്പിക്കുമെന്ന് ട്രംപ് പ്രഖ്യാപിച്ചിട്ടുണ്ട്. അത് ഇന്ത്യയ്ക്കു തിരിച്ചടിയാവും. ഇന്ത്യ ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്നത് യു.എസിലേക്കാണ്. ഉദ്ദേശം 75 ബില്യൺ ഡോളറിന്റെ വാർഷികകയറ്റുമതി. സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി യു.എസ്. ഇറക്കുമതിത്തീരുവ വർധിപ്പിച്ചാൽ അത് ഇന്ത്യയെമാത്രമല്ല, എല്ലാ കയറ്റുമതിരാജ്യങ്ങളെയും ബാധിക്കും. പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനും എതിരേ നിലപാടെടുത്തിരിക്കുന്ന ട്രംപ് ഇന്ത്യയെ ഒപ്പം നിർത്തി ചൈനയ്ക്കെതിരേ വ്യാപാരയുദ്ധം നയിക്കാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ഓഹരിവിപണി കുതിക്കുകയും ഡോളർ കരുത്ത് ആർജിക്കുകയും ചെയ്തതോടെ സ്വർണവില താഴോട്ടുപോന്നെങ്കിലും, വീണ്ടും ഉയർച്ച രേഖപ്പെടുത്തി. സുസ്ഥിര സുരക്ഷിതനിക്ഷേപം എന്ന നിലയിൽ സ്വർണം അത്രയ്ക്കൊന്നും താഴെപ്പോകാനിടയില്ല.

ലോകം കാത്തിരിക്കുന്നത് ഒരു മികച്ച ട്രംപ് യുഗത്തിനാണ്. ചരിത്രം മായ്ക്കാത്ത മുദ്രകൾ ചാർത്തി തന്റെ രണ്ടാമൂഴം അവിസ്മരണീയമാക്കാനാവും മൂന്നാമതൊരവസരമില്ലാത്ത അദ്ദേഹം ശ്രമിക്കുകയെന്നതിനാൽ, അമേരിക്കയിലും ലോകത്തും വൻ മാറ്റങ്ങൾ പ്രതീക്ഷിക്കാം. അപ്രതീക്ഷിതത്വമാണ് ഡൊണാൾഡ് ട്രംപിന്റെ മുഖമുദ്ര. വാക്കുപാലിക്കുന്നതിൽ കർക്കശക്കാരനായ, വർഷത്തിൽ ഒരു ഡോളർമാത്രം ശമ്പളം വാങ്ങി രാജ്യത്തെ സേവിക്കുന്ന ട്രംപിന്റെ രണ്ടാം വരവ് ലോകത്തിന്റെ പ്രതീക്ഷകൾ യാഥാർഥ്യമാക്കുമോ? കാത്തിരുന്നു കാണാം.

■



*ഡോ. ജേക്കബ് വെള്ളരിങ്ങാട്ട് എഴുതിയ 'പാപവും മോചനവും' എന്ന പുസ്തകം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഫാ. ബർക്കുമാൻസ് കുന്നുംപുറത്തിനു നൽകി പ്രകാശനം ചെയ്യുന്നു. രൂപത ചാൻസലർ ഫാ. ഡോ. ജോസഫ് കുറ്റിയാങ്കൽ, ഫാ. എമ്മാനുവേൽ വരിക്കമാക്കൽ, ഗ്രന്ഥകർത്താവ്, രൂപതയിലെ ഡീക്കന്മാർ എന്നിവർ സമീപം*

നോവൽ 21

ഇഗ്നേഷ്യസ് കലയന്താനി



# കിഴക്കൻകാറ്റ്

*കഥാസാരം*

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചുകഴിഞ്ഞിരുന്ന അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ കാണുന്നത് സൂസമ്മയുടെ മകൻ ജയേഷിന്റെ വിവാഹത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും ഹൈറേഞ്ചിൽ ചെന്നപ്പോഴാണ്. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനുശേഷം സിസിലിയുടെ ജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായതിനാൽ പൊരുത്തപ്പെട്ടുപോകാൻ നന്നേ ബുദ്ധിമുട്ടി ജയേഷ്. എൽസയുടെ കാലിന്റെ മുടന്തു മാറ്റാനുള്ള സർജറിക്കു പണം കൊടുക്കാമെന്നു ജയേഷ് അറിയിച്ചു. ഇതറിഞ്ഞ വർഷ കോപാകുലയായി. പണം തരില്ലെന്ന് എൽസയെ വിളിച്ചറിയിച്ചു. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത്, സർജറി നടത്തി മുടന്തുമാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. ഇതിനിടയിൽ വർഷ ഗർഭിണിയായി. ജയേഷ് സന്തോഷിച്ചു. എന്നാൽ, ഭർത്താവറിയാതെ ഗർഭച്ഛിദ്രം നടത്തി വർഷ. ബാത്റൂമിൽ വീണ് ഗർഭം അലസി എന്നവൾ ജയേഷിനോടു കള്ളം പറഞ്ഞു. ഒരു രാത്രി പെയ്ത മഴയിൽ വീടിനു സമീപം നിന്ന മരം കടപുഴകി വീണ് സിസിലി മരിച്ചു. എൽസ ഒറ്റപ്പെട്ടു. ഡോക്ടർ മനു അവൾക്ക് തന്റെ ആശുപത്രിയിൽ ജോലി കൊടുത്തു. എൽസയെ വിവാഹം കഴിക്കാൻ ആഗ്രഹമുണ്ടെന്ന കാര്യം ഡോക്ടർ മനു അമ്മയെ അറിയിച്ചു. എൽസയെ കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു അമ്മ.

(തുടർന്നു വായിക്കുക)

ശനിയാഴ്ച പുലർച്ചെ എണീറ്റ് എൽസ കുളിച്ചു ഫ്രഷായി. ഏഴരയ്ക്ക് മെസ്ഹാളിൽ പോയി ബ്രേക്ക് ഫാസ്റ്റ് കഴിച്ചു. തിരിച്ചു റൂമിൽ വന്ന് അവൾ ആലോചിച്ചു. ഇന്ന് ഏതു ഡ്രസ് ധരിക്കണം? വൈകുന്നേരം ഡോക്ടർ മനുവിനോടൊപ്പം അദ്ദേഹത്തിന്റെ വീട്ടിലേക്കു പോകാനുള്ളതാണ്. ഏറ്റവും നല്ല ഡ്രസ് ധരിച്ചുവേണം ചെല്ലാൻ. കാണുമ്പോഴേ കൊള്ളാം മിടുക്കിയാണ് എന്നൊരു തോന്നൽ വീട്ടുകാർക്കുണ്ടാകണമല്ലോ.

ആദ്യമായി ശമ്പളം കിട്ടിയപ്പോൾ വാങ്ങിയ ചുരിദാർ എടുത്തവൾ ധരിച്ചു. മുടിചീകി ഒതുക്കി കെട്ടിവച്ചിട്ട്, മുഖത്ത് പൗഡറിട്ട്, കണ്ണാടിയിൽ തിരിഞ്ഞും മറിഞ്ഞും നോക്കി. കൊള്ളാം; ഈ ഡ്രസ് നന്നായി ചേരുന്നുണ്ട്.

മനുവിന്റെ വീട്ടിൽ ചെല്ലുമ്പോൾ ധരിക്കാനുള്ള ഡ്രസ് എടുത്ത് അവൾ ബാഗിൽ ഒതുക്കിവച്ചു.

ആശുപത്രിയിലേക്കു നടക്കുമ്പോൾ ഉള്ളിൽ ചെറിയൊരു ആശങ്കയുണ്ടായിരുന്നു. എന്തിനായിരിക്കും ഡോക്ടർ മനു തന്നെ വീട്ടിലേക്കു ക്ഷണിച്ചത്? തന്നെ കാണണമെന്ന് ആഗ്രഹിക്കാൻ തക്കവിധം എന്തു കാര്യമാണ് മനു പപ്പയോടും അമ്മയോടും പറഞ്ഞിട്ടുണ്ടാവുക? താൻ ഒരനാഥയാണെന്നു കേട്ടപ്പോഴുള്ള സഹതാപംകൊണ്ടാകാം!

അഞ്ചുമണിയായപ്പോൾ ഡോക്ടർ മനുവിന്റെ ഫോൺ കോൾ എത്തി.

“ഇറങ്ങാറായോ?”

“ഒരു പത്തുമിനിറ്റുകൂടി.”

“ഞാൻ താഴെ പാർക്കിങ് ഏരിയായിൽ കണ്ടേക്കാം. അങ്ങോട്ടു പോരെ.”

“ഉം.”

എൽസ ജോലിയെല്ലാം പൂർത്തിയാക്കി അടുത്ത ആളെ ഡ്യൂട്ടി ഏല്പിച്ചിട്ട് ക്ലോക്കിൽ നോക്കിയപ്പോൾ മണി അഞ്ചുപത്ത്. ബാഗെടുത്ത് തിടുക്കത്തിൽ പടികളിറങ്ങി താഴേക്കു ചെന്നപ്പോൾ കാറിനു സമീപം മനു നില്പുണ്ടായിരുന്നു.

“കയറിക്കോ.”

മനു ഇടതുവശത്തെ മുൻഡോർ തുറന്നു കൊടുത്തു. എൽസ കയറിയിരുന്നു. ഡോർ അടച്ചിട്ട് വലതുവശത്തുവന്ന് മനു ഡ്രൈവർ സീറ്റിൽകയറിയിരുന്നിട്ട് വണ്ടി സ്റ്റാർട്ട് ചെയ്തു. കാർ സാവധാനം റോഡിലേക്കുരുണ്ടു.



“ഇന്ന് എന്റെ വീട്ടിലേക്കാ യാത്രയെന്ന് കൂട്ടുകാരികളോടോ മറ്റോ പറഞ്ഞോ?”

“ഇല്ല. ചേച്ചീടെ വീട്ടിൽ പോകുവാന്നും പറഞ്ഞാ ഇറങ്ങീത്.”

“നന്നായി. ആരെങ്കിലും അറിഞ്ഞാൽ പിന്നെ കഥകളുണ്ടാക്കി കൈമാറും.”

എൽസ ചിരിച്ചതേയുള്ളൂ.

“അമ്മയും അനിയത്തിയും കാണണമെന്ന് ഒരാഗ്രഹം പറഞ്ഞപ്പോൾ ഒന്നു കാണിച്ചേക്കാമെന്നു വച്ചു.”

“എന്നെപ്പറ്റി അവരോടു പറഞ്ഞോ?”

“ഓരോ കാര്യങ്ങൾ പറയുന്നതിനിടയിൽ എൽസയെ പരിചയപ്പെട്ട കാര്യം ഞാൻ പറഞ്ഞു. അമ്മയും അപ്പനും ഇല്ലാത്ത കുട്ടിയാന്നു കേട്ടപ്പോൾ കാണണമെന്ന് അവർക്കൊരാഗ്രഹം. കൊണ്ടുവരാമെന്നു ഞാനും പറഞ്ഞു. അത്രേയുള്ളൂ.”

“ഡോക്ടറുടെ പപ്പേം അമ്മേം അനിയത്തിയേയുമൊക്കെ കാണണമെന്ന് എനിക്കും ആഗ്രഹമുണ്ട്.”

കാർ ഓടുന്നതിനിടയിൽ ഓരോന്നു ചോദിച്ചും പറഞ്ഞുമിരുന്നു മനു. ഇടയ്ക്ക് തമാശയും ചിരിയും. സമയംപോയതറിഞ്ഞതേയില്ല.

ദീർഘനേരത്തെ യാത്രയ്ക്കുശേഷം കാർ വീട്ടുമുറ്റത്തു വന്നു നിന്നു.

“ഇതാ എന്റെ വീട്.”

കാർ പാർക്കു ചെയ്തിട്ട് മനു ഇറങ്ങി. പിന്നാലെ എൽസയും. കാറിന്റെ ശബ്ദം കേട്ടിട്ടാവണം വാതിൽതുറന്ന് നിഖില സിറ്റൗട്ടിലേക്ക് ഇറങ്ങിവന്നു.

“വാ.”

എൽസയെ വിളിച്ചിട്ട് മനു നടന്ന് സിറ്റൗട്ടിലേക്കു കയറി. പിന്നാലെ ബാഗും തൂക്കി സാവധാനം എൽസയും. അപ്പോഴേക്കും അമ്മ തെരേസ വാതിൽക്കലേക്ക് എത്തിയിരുന്നു.

“ഇതാണ് അമ്മ കാണണമെന്നു പറഞ്ഞ എൽസ.” മനു പരിചയപ്പെടുത്തി.

തെരേസയും നിഖിലയും അവളെ അടിമുടി നോക്കി. കൊള്ളാം. സുന്ദരിയാണ്. ഒറ്റനോട്ടത്തിലേ ഇരുവർക്കും ഇഷ്ടമായി.

“കേറി വാ മോളേ.”

തെരേസ അവളെ അകത്തേക്കു ക്ഷണിച്ചു. എൽസ സാവധാനം നടന്ന് സ്വീകരണമുറിയിലേക്കു കയറി.

“ഇരിക്ക് മോളേ.” തെരസേ സെറ്റിയിലേക്കു കൈചൂണ്ടി.

ബാഗ് തറയിൽ വച്ചിട്ട് അവൾ സെറ്റിയിൽ ഇരുന്നു.

“നിങ്ങള് സംസാരിച്ചിരിക്ക്. ഞാൻ ഡ്രസ് മാറീട്ടു വരാം.”

മനു സ്റ്റേർകേസ് കയറി മുകളിലത്തെ നിലയിലേക്കു പോയി.

“എൽസേടെ കാര്യം മനു പറഞ്ഞപ്പം ഞങ്ങളു പറഞ്ഞു ഒന്നു കൂട്ടിക്കൊണ്ടുവാ, കാണാല്ലോന്ന്.”

തെരേസ അതു പറഞ്ഞപ്പോൾ എൽസ ചിരിച്ചതേയുള്ളൂ.

“വീട് എവിടെയാ?” നിഖില ചോദിച്ചു.

എൽസ സ്ഥലപ്പേരു പറഞ്ഞു.

“നിങ്ങളു സംസാരിച്ചിരിക്ക്. ഞാൻ ചായയെടുക്കാം.” തെരേസ അടുക്കളയിലേക്കു വലിഞ്ഞു. നിഖില അഭിമുഖമായി സെറ്റിയിൽ ഇരുന്നിട്ടു ചോദിച്ചു.

“ഇപ്പം ഹോസ്റ്റലിലാ താമസം അല്ലേ?”

“ഉം.” അവൾ തലകുലുക്കി.

“പപ്പേം അമ്മേം മരിച്ചുപോയി അല്ലേ?”

“ഉം.”

“ചേട്ടായി പറഞ്ഞു. ഒരു ചേച്ചി ഉണ്ടല്ലേ?”

“ഉം.”

“ചേച്ചിയെ എവിടാ കല്യാണം കഴിച്ചിരിക്കുന്നേ?”

എൽസ സ്ഥലപ്പേരു പറഞ്ഞു.

“വീട്ടിലിപ്പം ആരുണ്ട്?”

“ആരുമില്ല. അടച്ചിട്ടിരിക്കുവാ.”

ഇടയ്ക്ക് വല്ലപ്പോഴും ഞാൻ പോകും. ഒന്നോ രണ്ടോ ദിവസം താമസിച്ചിട്ടു തിരിച്ചുപോരും.”

“പപ്പേം അമ്മേം ആക്സിഡന്റിൽ മരിച്ചതാ അല്ലേ?”

“അതെ.”

“പപ്പയ്ക്ക് എന്തു പറ്റിയതാ.”

“ആന ചവിട്ടിക്കൊന്നതാ.”

“ചേട്ടായി പറഞ്ഞിരുന്നു. എങ്ങനെയാ അതു സംഭവിച്ചേ?”

ആ കഥ നിഖിലിനോട് അവൾ വിശദീകരിച്ചു. അമ്മ മരിച്ചതെങ്ങനെയെന്നും പറഞ്ഞു. അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തെരേസ ചായയുമായി എത്തി. ഒരു കപ്പ് എൽസയ്ക്കു നീട്ടി. എൽസ ഭവ്യതയോടെ ചായ വാങ്ങി കുടിച്ചുകൊണ്ടു നിൽക്കുമ്പോൾ വേഷം മാറിയിട്ട് മനു സ്റ്റേർക്കേസിറങ്ങി താഴേക്കു വന്നു. തെരേസ ഒരു കപ്പു ചായ മനുവിനു നീട്ടി. മനു അതു വാങ്ങിക്കുടിച്ചുകൊണ്ടു നിഖിലയെ നോക്കി ചോദിച്ചു:

“നീ പരിചയപ്പെട്ടോ?”

“ഉം.”

“എന്നാ കൊണ്ടുപോയി ആ ഗസ്റ്റ്റൂം കാണിച്ചുകൊടുക്ക്. എൽസ വേഷം മാറി ഒന്നു കുളിച്ചു ഫ്രഷാകട്ടെ.”

“വാ ചേച്ചീ.”

എൽസ ബാഗുമെടുത്ത് നിഖിലയുടെ പിന്നാലെ ഗോവണിപ്പടികൾ കയറി മുകളിലേക്കു പോയി. ഗസ്റ്റ്റൂം തുറന്നുകൊടുത്തിട്ട് നിഖില ചോദിച്ചു:

“മാറാൻ ഡ്രസ് കൊണ്ടുവന്നിട്ടുണ്ടോ? ഇല്ലെങ്കിൽ ഞാൻ തരാം.”

“വേണ്ട. ഞാൻ കൊണ്ടുവന്നിട്ടുണ്ട്.”

“എന്നാ വേഷം മാറി കുളിച്ചു ഫ്രഷാക്. എന്നിട്ടു താഴേക്കുവാ. അമ്മ അവിടെ എന്തൊക്കെയോ ഒണ്ടാക്കുന്നുണ്ട്.”

എൽസ ചിരിച്ചുകൊണ്ടു തലകുലുക്കി. നിഖില പടികളിറങ്ങി താഴേക്കു പോയി.

വാതിലടച്ചിട്ട് എൽസ ചുറ്റും ഒന്നു നോക്കി. വിശാലമായ എ.സി. മുറി. ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരു എസി റൂമിൽ കിടക്കാൻ ഭാഗ്യം കിട്ടുന്നത്. അവൾ കട്ടിലിലേക്കു നോക്കി. വിസ്തൃതമായ കട്ടിലിൽ കനംകൂടിയ ഫോംബെഡ്. പുറമേ മനോഹരമായ ബഡ്ഷീറ്റ് വിരിച്ചിരിക്കുന്നു. ഒരറ്റത്ത് രണ്ടു തലയണയും അതിന്റെ മീതേ പുതപ്പും.

മുറിയുടെ ഒരറ്റത്ത് ചുമരിനോടു ചേർന്ന് ഒരു മേശയും രണ്ടു കസേരയും. മറ്റേ അറ്റത്ത് കബോഡ്.

എൽസ ബാഗിൽനിന്നു മാറാനുള്ള വസ്ത്രം എടുത്തിട്ട് ബാഗ് കബോഡിൽ വച്ചു. ഡ്രസ് മാറിയിട്ട് അവൾ ബാത്റൂം തുറന്ന് അകത്തേക്കു പ്രവേശിച്ചു.

അകത്തു കയറിയപ്പോൾ അതിശയിച്ചുപോയി. ഇത്രയും വിശാലവും മനോഹരവുമായ ഒരു ബാത്റൂം ആദ്യായിട്ടായിരുന്നു അവൾ കാണുന്നത്. ചൂടുവെള്ളത്തിനും തണുത്തവെള്ളത്തിനും പ്രത്യേകം ടാപ്പുകൾ. മഴപോലെ വെള്ളം ചിതറിവീഴുന്ന വലിയ ഷവർ. കിടന്നു കുളിക്കാൻ ബാത്ടബ്.

കുളികഴിഞ്ഞ് തല തുവർത്തിയിട്ട് അവൾ റൂമിലേക്കു വന്നു. കണ്ണാടിയുടെ മുമ്പിൽ നിന്ന് മുടി ചീകി ഒതുക്കി അറ്റം കെട്ടിയിട്ടു. മുഖത്ത് അല്പം പൗഡറിട്ട്, ദേഹത്തു സെന്റു പൂശിയിട്ട് സാവധാനം മുറിക്കുവെളിയിലിറങ്ങി അവൾ വാതിലടച്ചു.

*ശേഷം 13-ാം പേജിൽ*

# കവീക്കുന്നിന്റെ സ്വന്തം കൃഷിയച്ചൻ



ഫാ. ജോസഫ് വടകര കൃഷിയിടത്തിൽ

പാലാ: അജപാലനശുശ്രൂഷയോടൊപ്പം കാർഷികരംഗത്തും മികവാർന്ന പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയാണ് കൃഷിയച്ചൻ എന്നറിയപ്പെടുന്ന കവീക്കുന്ന് സെന്റ് എഫ്രേംസ് പള്ളി വികാരി ഫാ. ജോസഫ് വടകര. കർഷകകുടുംബത്തിൽ ജനിച്ച അദ്ദേഹം തനിക്കു ലഭിച്ച കൃഷിയറിവുകളുമായിട്ടാണ് കാർഷികരംഗത്തേക്കു കടന്നുവന്നത്. പള്ളിയിലെ തിരക്കു കഴിഞ്ഞാലുടൻ തൂമ്പയുമായി കൃഷിയിടത്തിലേക്ക് ഇറങ്ങുന്നതാണ് എഴുപത്തഞ്ചുകാരനായ അച്ചന്റെ പതിവ്. രോഗാവസ്ഥ പലപ്പോഴും അലട്ടാറുണ്ടെങ്കിലും വടകരയച്ചന്റെ കൃഷിയോടുള്ള ആഭിമുഖ്യത്തെ ഇതൊന്നും ഒട്ടും ബാധിക്കാറില്ല. അടുത്തകാലത്ത് ആശുപത്രിവാസത്തിനിടയിലും അച്ചന്റെ മനസ്സ് കൃഷിയിടത്തു തന്നെയായിരുന്നു. കവീക്കുന്നിൽ എത്തിയാൽ പള്ളിമുറ്റവും പള്ളിമേടയും പച്ചക്കറിക്കൃഷിയാൽ നിറഞ്ഞുനിൽക്കുന്ന കാഴ്ചയാണു കാണാൻ കഴിയുന്നത്.

കവീക്കുന്നുപള്ളിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ആയിരത്തോളം ചുവട് മരച്ചീനിയാണ് കൃഷി ചെയ്തിരിക്കുന്നത്. അച്ചന്റെയും കൈക്കാരന്മാരുടെയും നേതൃത്വത്തിൽ ഇപ്പോൾ അതിന്റെ വിളവെടുപ്പു നടത്തുകയാണ്. അമ്പതു കിലോഗ്രാം, പത്തു കിലോഗ്രാം എന്നിങ്ങനെ ഓർഡർ അനുസരിച്ച് മരച്ചീനി കടകളിൽ എത്തിച്ചുകൊടുക്കും. രണ്ടര ടണ്ണോളം പച്ചക്കപ്പ ഇതുവരെ വില്പന നടത്താനായി എന്നു വടകരയച്ചൻ പറഞ്ഞു. ഇനിയും വിളവെടുക്കാനുണ്ട്. കഴിഞ്ഞവർഷം നല്ല വിളവും നല്ല വിലയും ലഭിച്ചതാണ് ഈ പ്രാവശ്യവും മരച്ചീനിക്കൃഷി തുടരാൻ കാരണം. ഒരു ചുവട്ടിൽനിന്ന് 25 കിലോഗ്രാംവരെ ലഭിക്കുന്നുണ്ട്.

ഇതുകൂടാതെ, 250 ഗ്രോബാഗുകളിലായി വഴുതന, പയർ, പച്ചമുളക്, വെണ്ട തുടങ്ങിയ പച്ചക്കറികൾ കൃഷി ചെയ്തിരിക്കുന്നത്. ചെങ്കദളി, റോബസ്റ്റ, നേന്ത്രവാഴ എന്നിവയുടെ കൃഷിയുമുണ്ട്. പൊക്കം കുറഞ്ഞ ആയൂർ ജാക്ക് ഇനത്തിൽപെട്ട 140 പ്ലാവുകൾ പള്ളിപ്പറമ്പിലും പാരീഷ് ഹാളിനു സമീപവുമായി കൃഷി ചെയ്തിട്ടുണ്ട്. ഒന്നര വർഷംമുമ്പുമാത്രം നട്ട ഇവയിൽ പലതും കായ്ഫലം നൽകിത്തുടങ്ങി. കൈക്കാരന്മാരായ സണ്ണി ജോസഫ് വരിക്കമാക്കൽ, ബാബു മുകാല, ജോസ് മുകാല, ദൈവാലയശുശ്രൂഷി അമൽ വട്ടമറ്റം എന്നിവരും കൃഷിപ്പണികളിൽ അച്ചനോടൊപ്പം തോളോടുതോൾ ചേർന്നു പ്രവർത്തിക്കുന്നു.

സാമൂഹിക-സാംസ്കാരിക-ആത്മീയ-കാർഷികമേഖലകളിലെ സേവനത്തെ മാനിച്ച് സാംസ്കാരികസംഘടനയായ കിഴതടിയൂർ ഭാവന ഫാ. ജോസഫ് വടകരയ്ക്ക് ആദരവു നൽകിയിട്ടുണ്ട്.

മുമ്പ് കല്യാൺ രൂപതയിലെ സാബന്തവാടിയിൽ എസ്റ്റേറ്റിന്റെ ചുമതലക്കാരനായിരുന്നപ്പോൾ അവിടെയും കൃഷിയിൽ വ്യാപൃതനായിരുന്നു വടകരയച്ചൻ. ഇടുക്കി രൂപതയിലെ മുരിക്കൻതൊട്ടി ഇടവകയിലും ഇരുമ്പുപാലം ഇടവകയിലും ശുശ്രൂഷയിലായിരുന്നപ്പോഴും കൃഷിയിൽ കർമനിരനായിരുന്നു. പിന്നീട്, പാലാ രൂപതയിലെ ഉദയഗിരി പള്ളി വികാരിയായിരുന്നു. അവിടെനിന്നു കവീക്കുന്നിൽ എത്തിയിട്ട് രണ്ടര വർഷത്തോളമായി.

വിഷരഹിതമായ പച്ചക്കറികളാണ് അച്ചന്റെ നേതൃത്വത്തിൽ കൃഷി ചെയ്തുവരുന്നത്. ജൈവവളം മാത്രമേ ഉപയോഗിക്കുകയുള്ളൂവെന്നും ഫാ. ജോസഫ് വടകര പറയുന്നു. വിളവെടുപ്പു സമയത്ത് പച്ചക്കറി, കപ്പ തുടങ്ങിയയുടെ കിറ്റ് അച്ചൻ തയ്യാറാക്കിവച്ചിരിക്കും. ആവശ്യക്കാർ ഏറെയുള്ളതിനാൽ ഒരു സാധനവും മിച്ചംവരാറില്ലെന്ന് കൃഷിയച്ചൻ സാക്ഷ്യപ്പെടുത്തുന്നു. ഇനിയും കൂടുതൽ പച്ചക്കറികൾ കവീക്കുന്നിലെത്തിക്കാനുള്ള തയ്യാറെടുപ്പിലാണ് വടകരയച്ചൻ.

**എബി ജെ. ജോസ്**

# കർഷകമുന്നേറ്റത്തിന് മുട്ടുചിറ വേദിയാകും

## മാർ ജോസഫ് കല്ലറങ്ങാട്ട്




മുട്ടുചിറ സീയോൻ ഭവനിൽ ആരംഭിച്ച അഗ്രിമ നൈപുണ്യവികസന പരിശീലനകേന്ദ്രം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. പാലാ രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൻസ് ജോസഫ് എം.എൽ.എ, മുട്ടുചിറ ഫൊറോനപ്പള്ളി വികാരി ഫാ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ, പി.എസ്.ഡബ്ല്യൂ.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ എന്നിവർ സമീപം.

മുട്ടുചിറ: കാർഷികരംഗത്ത് ഫലപ്രദമായ ഇടപെടലുകൾക്കു നേതൃത്വം കൊടുക്കാൻ മുട്ടുചിറ സിയോൻ ഭവനിലാരംഭിച്ച അഗ്രിമയ്ക്കു സാധിക്കുമെന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപതയുടെ കർഷകശക്തീകരണപദ്ധതിയായ കർഷകബാങ്കിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മുട്ടുചിറ സിയോൻഭവനിൽ ആരംഭിച്ച അഗ്രിമ നൈപുണ്യവികസനപരിശീലനകേന്ദ്രത്തിന്റെ ആശീർവാദകർമവും ഉദ്ഘാടനവും നിർവഹിച്ചുസംസാരിക്കുകയായിരുന്നു ബിഷപ്.

മുട്ടുചിറ ഫൊറോനപ്പള്ളി വികാരി ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ആദ്യവില്പന അഡ്വ. മോൻസ് ജോസഫ് എം.എൽ.എ. നിർവഹിച്ചു.

സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പി.എസ്. ഡബ്ലിയു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.വി. സുനിൽ, ബ്ലോക്ക് പഞ്ചായത്തംഗം ജോൺസൺ കൊട്ടുകാപ്പള്ളി, ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഇമ്മാനുവൽ കാഞ്ഞിരത്തുങ്കൽ, ഡാന്റിസ് കൂനാനിക്കൽ, സിബി കണിയാംപടി എന്നിവർ പ്രസംഗിച്ചു.

കർഷകർക്കും പൊതുജനങ്ങൾക്കുമായി വിവിധ പരിശീലന പരിപാടികൾ കൂടാതെ, ഹൈബ്രീഡ് പച്ചക്കറിത്തൈകൾ, വൈവിധ്യമാർന്ന നാടൻ, വിദേശഫലവൃക്ഷത്തൈകൾ, കർഷകക്കൂട്ടായ്മകൾ നിർമിക്കുന്ന വിഷരഹിതവും ഗുണമേന്മയുള്ളതുമായ ഭക്ഷ്യവിഭവങ്ങൾ തുടങ്ങിയവ മുട്ടുചിറ അഗ്രിമയിൽ ലഭ്യമാണ്.

### ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനകലോത്സവം

# മാനന്തവാടി രൂപതയ്ക്ക് ഓവറോൾ കിരീടം



ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനകലോത്സവത്തിൽ ഓവറോൾ കിരീടം നേടിയ മാനന്തവാടി രൂപത ടീം പാലക്കാട് രൂപതാധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കലിൽനിന്ന് പുരസ്കാരം ഏറ്റുവാങ്ങിയപ്പോൾ

പാലക്കാട്: ചെറുപുഷ്പമിഷൻ ലീഗ് (സി.എം.എൽ.) സംസ്ഥാന കലോത്സവത്തിൽ മാനന്തവാടി രൂപത 474 പോയിന്റോടെ ഓവറോൾ കിരീടം നേടി. 443 പോയിന്റ് നേടി പാലാ രൂപത രണ്ടാം സ്ഥാനവും 410 പോയിന്റോടെ തലശ്ശേരി അതിരൂപത മൂന്നാം സ്ഥാനവും നേടി.

408 പോയിന്റു നേടിയ കോതമംഗലം രൂപതയ്ക്കാണ് നാലാംസ്ഥാനം. 372 പോയിന്റോടെ ഇടുക്കി രൂപത അഞ്ചാമതെത്തി. സാഹിത്യമത്സരത്തിൽ മാനന്തവാടി രൂപത ഒന്നാം സ്ഥാനവും തലശേരി, പാലാ രൂപതകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി.

പാലക്കാട് യുവക്ഷേത്ര കോളജിൽ നടത്തിയ കലോത്സവത്തിന് മിഷൻലീഗ് സംസ്ഥാന പ്രസിഡന്റ് രഞ്ജിത്ത് മുതലാക്കൽ പതാക ഉയർത്തി. തുടർന്ന്, വിളംബരറാലി നടന്നു. ബിഷപ് മാർ ജേക്കബ് മനത്തോടത്ത് പ്രേഷിതകലാമേള ഉദ്ഘാടനം ചെയ്തു. സംസ്ഥാനപ്രസിഡന്റ് രഞ്ജിത് അധ്യക്ഷത വഹിച്ചു. സംസ്ഥാനഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, ജനറൽ സെക്രട്ടറി ജയ്സൺ പുളിച്ചുമാക്കൽ, ജനറൽ ഓർഗനൈസർ തോമസ് അടുപ്പുകല്ലുങ്കൽ, പാലക്കാട് രൂപത ഡയറക്ടർ ഫാ. ജിതിൻ വേലിക്കകത്ത്, രൂപത പ്രസിഡന്റ് ഡേവിസ് കെ. കോശി, ബെന്നി മുത്തനാട്ട്, ബേബി പ്ലാശ്ശേരി എന്നിവർ സംസാരിച്ചു.



ദൈവദാസി കൊളേത്താമ്മയെക്കുറിച്ച് ഡോ. തോമസ് പാറയ്ക്കൽ രചിച്ച 'വിജനകൂടാരത്തിൽ ഹൃദ്യതയോടെ' എന്ന ഗ്രന്ഥം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, എഫ്.സി.സി. ഭരണങ്ങാനം പ്രൊവിൻഷ്യൽ സി. ജെസി മരിയ ഓലിക്കലിനു നൽകി പ്രകാശനം ചെയ്യുന്നു. അസിസ്റ്റന്റ് പ്രൊവിൻഷ്യൽ സി. ജോസി, സി. ലിസി ഗ്രെയിസ്, സി. ബിനീഷ, സിസ്റ്റർ ജിൽസി, ഗ്രന്ഥകർത്താവ്, റോയ് ജെ. കല്ലറങ്ങാട്ട്, വൈസ് പോസ്റ്റുലേറ്റർ സി. അൻസീലിയ എന്നിവർ സമീപം.



സംസ്ഥാനസർക്കാർ ജീവനക്കാരുടെ സംഘടനയായ കേരള കൾച്ചറൽ ഫോറം നടത്തിയ സത്യൻ സ്മാരക ചെറുകഥാമത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ജിജോ ജോസഫ് എൻ., ചലച്ചിത്രതാരം അപർണ ബാലമുരളിയിൽനിന്ന് പുരസ്കാരം ഏറ്റുവാങ്ങുന്നു. കുറവിലങ്ങാട് സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനും ദീപനാളത്തിന്റെ ലേഖകസുഹൃത്തുമാണ്.

# നന്മയുടെ നറുമണം പൊഴിക്കുന്ന ബനീഞ്ഞാക്കവിതകൾ

## മഹാകവി സിസ്റ്റർ മേരി ബനീഞ്ഞാ ജനിച്ചിട്ട് നവംബർ 6 ന് 125 വർഷം പൂർത്തിയായി.

■ സി. റജിനാ മേരി സി.എം.സി.

**1899** നവംബർ 6 ന് ഇലഞ്ഞിയിലെ ആഭിജാത്യമുള്ള ഒരു നസ്രാണിക്കുടുംബമായ 'തോട്ട'ത്തിൽ കുഞ്ഞുമാമ്മി എന്ന ഓമനപ്പേരിൽ വിളിക്കപ്പെട്ട മേരി ജോൺ തോട്ടം (സിസ്റ്റർ മേരി ബനീഞ്ഞാ) ഭൂജാതയായി. പിതാവ് ഉലഹന്നൻ. അമ്മ മാന്നാനത്ത് പാട്ടശ്ശേരിൽ കോരയുടെ മകൾ മറിയാമ്മ. പത്തുസന്താനങ്ങളിൽ ആദ്യജാതയാണ് ബനീഞ്ഞാമ്മ. ആശാൻകളരിയിൽ പ്രാഥമികവിദ്യാഭ്യാസം. മാന്നാനം, മുത്തോലി, കൊല്ലം എന്നിവിടങ്ങളിലെ സ്കൂളുകളിൽ തുടർവിദ്യാഭ്യാസം. കൊല്ലം ഗവ. മലയാളം സ്കൂളിൽ ചേർന്ന് മലയാളം ഹയർ പരീക്ഷ പാസ്സായശേഷം വടക്കൻ പറവൂർ സെന്റ് തോമസ് പ്രൈമറി സ്കൂളിൽ അധ്യാപികയായി ജോലി നോക്കി. 1922 മുതൽ കുറവിലങ്ങാട് കോൺവെന്റ് മിഡിൽ സ്കൂളിൽ അധ്യാപികയായും സേവനമനുഷ്ഠിച്ചു. ഇക്കാലത്ത് മേരി ജോൺ തോട്ടം എന്ന പേരിൽ കർമലകുസുമം, നസ്രാണിദീപിക തുടങ്ങിയ ഒട്ടേറെ പ്രസിദ്ധീകരണങ്ങളിൽ, കവിതകൾ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു.

1927 ൽ 'ഗീതാവലി' എന്ന ആദ്യകവിതാസമാഹാരം മഹാകവി ഉള്ളൂരിന്റെ അവതാരികയോടെ പ്രസിദ്ധീകരിച്ചു. മഹാകവിയുടെ അവതാരിക കവയിത്രിക്കു വ്യാപകമായ അംഗീകാരം നേടിക്കൊടുത്തു.

1928 ജൂലൈ 16 ന് കർമലമാതാവിന്റെ തിരുനാൾദിനത്തിൽ മേരി ജോൺ തോട്ടം കുറവിലങ്ങാട് കർമലമഠത്തിന്റെ ആവൃതിക്കുള്ളിലേക്കു സഹർഷം കാലെടുത്തുവച്ചു. അന്നത്തെ ദിനപത്രത്തിൽ പ്രത്യക്ഷപ്പെട്ട 'ലോകമേ യാത്ര' ജാതിമത വർണവർഗഭേദമില്ലാതെ എല്ലാവരും നെഞ്ചിലേറ്റി ലാളിച്ചു. അതുൾപ്പെടെ 12 ഖണ്ഡകൃതികളുടെ സമാഹാരമാണ് 'നമ്മുടെ പുസ്തകലോകത്തിലെ ഒരദ്ഭുതം' എന്ന പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ള 'കവിതാരാമം'. ശക്തിമത്തായ വികാരങ്ങളുടെ അനർഗളപ്രവാഹമാണ് കവിത എന്ന് ആംഗലകവിശ്രേഷ്ഠനായ വേഡ്സ്വർത്ത് പറഞ്ഞിട്ടുള്ളത് ഇവിടെ ഓർമിക്കുന്നു. "പരിശുദ്ധ വികാരങ്ങളുടെ നിർഗളമായ പ്രവാഹമാണ് മേരി ജോൺ കവിതകളുടെ സ്വത്വമുദ്ര എന്നു കവിയും നിരൂപകനുമായ പ്രഫ. മാത്യു ഉലകംതറ ഉദാഹരണങ്ങൾ നിരത്തി രേഖപ്പെടുത്തിയിരിക്കുന്നത് ഇവിടെ സ്മരണീയം.

'സമർത്ഥനായ സീസറും,
പ്രസിദ്ധനായ ഹോമറും,
സമത്വമറ്റ സോളമൻ തുടങ്ങി
യുള്ള വിജ്ഞരും,
അമർന്നുപോയി കാലചക്ര
വിഭ്രമത്തിലെങ്കിലീ
നമുക്കു പിന്നെയെന്തു ശങ്ക?
മാറ്റമൊന്നുമില്ലതിൽ'

തുടങ്ങിയ അനശ്വരത ഉറപ്പാക്കിയിട്ടുള്ള വരികൾ അനേകം കന്യകകൾക്കു സർവസംഗപരിത്യാഗികളായി സന്ന്യാസത്തെ ആശ്ലേഷിക്കാൻ കാരണമായി എന്നു പറയാതെ മുന്നോട്ടു നീങ്ങാൻ തൂലിക വിസമ്മതിക്കുന്നു. "സന്ന്യാസത്തിലേക്കുള്ള വിളിയും കവിതാവാസനയും ഒരുപോലെ ചെറുപ്പംമുതൽ എന്നിൽ വളർന്നുവന്നതാണ്... ഏതെങ്കിലും ഒന്നിനെ ഉപേക്ഷിച്ചേ കഴിയൂ എങ്കിൽ സാഹിത്യത്തെത്തന്നെ ഉപേക്ഷിക്കുക എന്നു ഞാൻ തീരുമാനിച്ചു. പക്ഷേ, ഒന്നിനെയും എനിക്കുപേക്ഷിക്കേണ്ടിവന്നില്ല." (വാനമ്പാടി - ആത്മകഥ)



ഗീതാവലി(1927), കവിതാരാമം(1929), ഈശപ്രസാദം(1934), ചെറുപുഷ്പത്തിന്റെ ബാല്യകാലസ്മരണകൾ (1936), വിധിവൈഭവം(1936), ആത്മാവിന്റെ സ്നേഹഗീത (1936), ആധ്യാത്മികഗീത(1945), മാഗി(1959), മധുമഞ്ജരി(1961), ഭാരതമഹാലക്ഷ്മി (1962), കവനമേള (1965), മാർത്തോമ്മാവിജയം മഹാകാവ്യം (1970), കരയുന്ന കവിതകൾ (1971), ഗാന്ധിജയന്തി മഹാകാവ്യം(1977), അമൃതധാര(1980) എന്നീ കൃതികൾ പ്രസിദ്ധീകൃതമായി. തിരഞ്ഞെടുത്ത കവിതകളുടെ ആദ്യസമാഹാരം - തോട്ടം കവിതകൾ 1973 ലും ലോകമേ യാത്ര എന്ന രണ്ടാമത്തെ സമാഹാരം മരണാനന്തരം 1986 ലും പുറത്തുവന്നു. വാനമ്പാടി എന്ന ആത്മകഥയും 1986 ലാണ് പ്രസിദ്ധീകരിച്ചത്.

1971 ൽ പരിശുദ്ധ പിതാവ് 'ബനേമെരേന്തി' എന്ന ബഹുമതി നൽകി ബനീഞ്ഞാമ്മയുടെ സാഹിത്യസേവനം അംഗീകരിച്ചു. 1981 ൽ കേരള കത്തോലിക്കാ അല്മായ അസോസിയേഷൻ 'ചെപ്പേട്' നൽകി ആദരിച്ചതും ശ്രദ്ധേയമാണ്. 1985 മേയ് 21 ന് കല്യാണക്കാതലായ കതിരവനെ' ആ കൈകൾ നീട്ടിപ്പിടിച്ചു. സുഗതകുമാരി റ്റീച്ചറിന്റെ വാക്കുകൾ ബനീഞ്ഞാമ്മയുടെ കവിതകളെ ഇങ്ങനെ രേഖപ്പെടുത്തുന്നു: "ആ പാട്ടുകൾക്ക് ആത്മാർഥതയുടെ ചൈതന്യമുണ്ട്. അകൃത്രിമത്വത്തിന്റെ മാധുര്യമുണ്ട്, വിശിഷ്ട ഭക്തിയുടെ വിശുദ്ധിയുണ്ട്, ദിവ്യപ്രേമത്തിന്റെ ആനന്ദവായ്പുമുണ്ട്."

മലയാളത്തിലെ ഏക മിസ്റ്റിക് കാവ്യമാണ് ബനീഞ്ഞാമ്മയുടെ 'ആത്മാവിന്റെ സ്നേഹഗീത'. തന്റെ ആത്മകഥയിൽ ബനീഞ്ഞാമ്മ ഇങ്ങനെ രേഖപ്പെടുത്തി. 'ഞാനറിയാതെ ഞാനെഴുതിയ കൃതി! അതിലെ പദാവലി ആദ്യന്തം എന്റെ ഉള്ളിന്റെയുള്ളിൽ നിന്ന് വൈദ്യുതിപ്രവാഹസമാനം തള്ളിപ്പുറപ്പെട്ട ആത്മാനുഭൂതിയുടെ സ്ഫുലിംഗങ്ങളാണ്.'

വാക്കുകൾകൊണ്ടവതരിപ്പിക്കനാവാത്ത പരമപ്രേമത്തിൽ അടിമുടി ആമഗ്നയായിത്തീർന്ന കവയിത്രി നമ്മെ രോമാഞ്ചമണിയിക്കുന്നു.

"മതിയിക്കളി - കൂരിരുട്ടിലീ-
യുലകം മുങ്ങുവതിന്നു
മുന്നമേ
വരികെന്നരികത്തു വല്ലഭാ;
തരുവേനെൻ ഹൃദയം
നിനക്കു ഞാൻ."

അനുഭൂതികളുടെ തീവ്രതയും അവ ആവിഷ്കരിക്കാനുള്ള പാടവവും അതുല്യമെന്നേ പറയാനാവൂ. ആത്മവല്ലഭനായ സർവേശ്വരനു സ്വജീവിതം തിരുമുൽക്കാഴ്ചയായർപ്പിച്ച കന്യകമാരുടെ ഹൃദയവ്യാപാരങ്ങൾ ഇത്ര ആഴത്തിൽ ആവിഷ്കരിച്ച മറ്റൊരു കവയിത്രിയും മലയാളത്തിലില്ല എന്നതു നിസ്തർക്കമാണ്.

ഇന്ത്യയുടെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായെ നായകവേദിയിൽ പ്രതിഷ്ഠിച്ചുകൊണ്ട് ബനീഞ്ഞാമ്മ എഴുതിയ ആദ്യമഹാകാവ്യവുമാണ് 'മാർത്തോമ്മാവിജയം'. ആവശ്യത്തിനുമാത്രമായ വർണനകൾകൊണ്ടു വിരചിച്ച കഥാകഥനരൂപത്തിലുള്ള കാവ്യകലയുടെ വശീകരണംകൊണ്ട് അഭിരമിപ്പിക്കുന്ന ഒരു രീതിയാണ് മാർത്തോമ്മാവിജയത്തിൽ സ്വീകരിച്ചിട്ടുള്ളത്. മലയാളത്തിൽ ഒരു കവയിത്രിയിൽനിന്നു ലഭിച്ചിട്ടുള്ള ആദ്യമഹാകാവ്യമാണ് മാർത്തോമ്മാവിജയം. സ്വതന്ത്രഭാരതസ്രഷ്ടാവായ മഹാത്മജിയെ ആരാധ്യപുരുഷനായി അവതരിപ്പിച്ചുകൊണ്ടുള്ള ബനീഞ്ഞാമ്മയുടെ മഹാകാവ്യമാണ് 'ഗാന്ധിജയന്തി.'

ചുരുക്കത്തിൽ, രൂപഭാവങ്ങൾ ഒത്തിണങ്ങിയ മഹനീയചിന്തകൾകൊണ്ട് നന്മയുടെ നറുമണം വിതറുന്ന ബനീഞ്ഞാമ്മയുടെ സാഹിത്യതല്ലജങ്ങൾ കാലഘട്ടങ്ങളെ വിശുദ്ധമാക്കിക്കൊണ്ട് എന്നും ജീവിക്കുമെന്നതിന് രണ്ടുപക്ഷമില്ല. ■




*11-ാം പേജ് തുടർച്ച*

പടികളിറങ്ങി താഴേക്കു ചെന്നപ്പോൾ നിഖില സ്വീകരണമുറിയിൽ മൊബൈൽ ഫോൺ നോക്കിക്കൊണ്ട് ഇരിപ്പുണ്ടായിരുന്നു.

"കുളിച്ചോ?"

"ഉം."

"വാ. അമ്മ കാപ്പിയും പലഹാരങ്ങളുമെടുത്ത് ടേബിളിൽ വച്ചിട്ട് കുറച്ചുനേരമായി."

എൽസയെ വിളിച്ചുകൊണ്ട് ഡൈനിങ് റൂമിലേക്കു നടന്നു നിഖില.

ടേബിളിൽ പലതരം വിഭവങ്ങൾ നിരത്തിയിട്ടുണ്ടായിരുന്നു.

"ഇരിക്ക് മോളേ..."

തെരേസയുടെ സ്നേഹമസൃണമായ, മോളേ എന്ന വിളി കേട്ടപ്പോൾ എൽസ അമ്മയെക്കുറിച്ച് ഓർത്തുപോയി. മോളേ എന്ന വിളികേൾക്കുമ്പോൾ മനസ്സിന് എന്തൊരു സന്തോഷമാണ്!

കൈകഴുകിയിട്ട് കസേരയിൽ വന്ന് ഇരുന്നു. അവളുടെ മുമ്പിലേക്ക് പലഹാരങ്ങൾ നീക്കിവച്ചിട്ട് തെരേസ പറഞ്ഞു:

"കഴിക്ക്. ഞാനുണ്ടാക്കിയതാ."

വട്ടയപ്പം, കുഴലപ്പം, കേക്ക്, പഴംപൊരിച്ചത്. എല്ലാം ഓരോന്നെടുത്ത് എൽസ കഴിച്ചു. കപ്പിൽ നിറച്ചുവച്ചിരുന്ന കാപ്പിയും എടുത്തു കുടിച്ചു.

തെരേസ അടുത്തുവന്നിരുന്ന് ഓരോന്നു ചോദിച്ചുകൊണ്ടിരുന്നു. ചോദിച്ചതിനെല്ലാം വ്യക്തവും കൃത്യവുമായി മറുപടി പറഞ്ഞു.

രാത്രി മനുവിന്റെ പപ്പ തോമസുകുട്ടി കയറിവന്നു. അദ്ദേഹത്തെ കണ്ടതും എൽസ ബഹുമാനത്തോടെ വണങ്ങി. തോമസുകുട്ടി വിശേഷങ്ങൾ തിരക്കി. എൽസയുടെ സംസാരവും പെരുമാറ്റവും നന്നേ ഇഷ്ടമായി തോമസുകുട്ടിക്ക്.

കർത്താവിന്റെ തിരുസ്വരൂപത്തിന്റെ മുമ്പിൽ തിരികത്തിച്ച് കുടുംബപ്രാർഥന ചൊല്ലുമ്പോൾ എൽസയും അതിൽ സജീവമായി പങ്കുകൊണ്ടു. അവൾ ജപമാലചൊല്ലുന്നതു കേട്ടപ്പോൾ തെരേസ അതിശയത്തോടെ നോക്കിയിരുന്നു. എത്ര ഭക്തിയും ഉച്ചാരണശുദ്ധിയും! കൊള്ളാം! നല്ല ദൈവവിശ്വാസമുള്ള പെൺകുട്ടിതന്നെ!

പ്രാർഥന കഴിഞ്ഞ് തെരേസ അത്താഴം വിളമ്പി. എല്ലാവരും ഒരുമിച്ചിരുന്നാണ് അത്താഴം കഴിച്ചത്. ചപ്പാത്തിയും ചിക്കൻകറിയുമായിരുന്നു അത്താഴത്തിന്. കുടുംബാംഗങ്ങൾ തമ്മിലുള്ള സംസാരവും തമാശകളും ചിരിയുമൊക്കെ കേട്ടപ്പോൾ എൽസ തന്റെ വീടിനെപ്പറ്റി ഓർത്തു. ഇതുപോലൊരന്തരീക്ഷത്തിൽ ജീവിക്കാനുള്ള ഭാഗ്യം ദൈവം തനിക്കു തന്നില്ലല്ലോ! എന്നും കഷ്ടപ്പാടും സങ്കടവുമേ ഉണ്ടായിരുന്നുള്ളൂ.

ഉറങ്ങാനായി ലൈറ്റണച്ചു കിടക്കുമ്പോൾ എൽസയുടെ മനസ്സിൽ നൊമ്പരത്തിന്റെ കനൽ എരിയുന്നുണ്ടായിരുന്നു. പപ്പയും അമ്മയും സഹോദരങ്ങളുമൊക്കെയുള്ള ഒരു ജീവിതം എത്ര സന്തോഷകരമാണ്! എത്ര മനസ്സുതുറന്നാണ് മനുവിന്റെ പപ്പയും അമ്മയും സഹോദരിയുമൊക്കെ സംസാരിക്കുന്നത്. മനുവിന്റെ ഭാര്യയായി വരുന്ന സ്ത്രീ എത്ര ഭാഗ്യവതിയായിരിക്കും! ഓരോന്നു ചിന്തിച്ചു കിടന്ന് ഉറങ്ങി.

പിറ്റേന്ന് ഞായറാഴ്ച പുലർച്ചെ എൽസ ഉണർന്നു. തെരേസയോടും നിഖിലയോടുമൊപ്പം പള്ളിയിൽപോയി വിശുദ്ധ കുർബാനയിൽ പങ്കുകൊണ്ടു. തന്റെ സ്വന്തക്കാരി എന്നാണ് എൽസയെപ്പറ്റി പരിചയക്കാരോടും സുഹൃത്തുക്കളോടും തെരേസ പറഞ്ഞത്.

ഞായറാഴ്ച രാത്രിയായപ്പോഴേക്കും ആ കുടുംബത്തിലെ ഒരംഗത്തെപ്പോലെ എല്ലാവരുമായി ഇഴുകിച്ചേർന്നിരുന്നു എൽസ. അടുക്കളജോലിയിൽ അവൾ അമ്മയെ സഹായിച്ചു. എല്ലാവരോടും ഹൃദയംതുറന്നു സംസാരിക്കുകയും തമാശകൾ പറഞ്ഞു ചിരിപ്പിക്കുകയും ചെയ്തു. തെരേസയുടെ ഹൃദയത്തിൽ അവൾ ചേക്കേറിക്കഴിഞ്ഞിരുന്നു.

തിങ്കളാഴ്ച പുലർച്ചെ വേഷം മാറി ബാഗുമെടുത്തുകൊണ്ട് അവൾ പടികളിറങ്ങി താഴേക്കു വന്നു. മനു പോകാൻ റെഡിയായി സ്വീകരണമുറിയിൽ നില്പുണ്ടായിരുന്നു. അവനോടു സംസാരിച്ചുകൊണ്ട് തെരേസയും നിഖിലയും. എൽസയെ കണ്ടപ്പോൾ സംസാരം നിർത്തി.

എൽസ തെരേസയെയും നിഖിലയെയും നോക്കി യാത്ര പറഞ്ഞു:

"എന്റെ സ്വന്തം വീട്ടിൽ വന്നു നിന്നപോലുള്ള അനുഭവമായിരുന്നു രണ്ടു ദിവസം ഞാനിവിടെ താമസിച്ചപ്പോൾ. അമ്മയുടെ സ്നേഹം ഒരിക്കലും മറക്കാൻ പറ്റില്ല. സ്വന്തം മോളെപ്പോലെ കണ്ട് എന്നെ സ്നേഹിച്ചതിനും സൽക്കരിച്ചതിനും ഒരുപാട് നന്ദിയുണ്ട് കേട്ടോ അമ്മേ."

എൽസ തെരേസയെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്തു. എന്നിട്ട് നിഖിലയുടെ നേരേ നോക്കി പറഞ്ഞു:

"ഒരു ചേച്ചിയെപ്പോലെ കണ്ട് എന്നോടു സംസാരിച്ചതിലും സ്നേഹം കാണിച്ചതിലും ഒരുപാട് സന്തോഷമുണ്ട് കേട്ടോ. രണ്ടുദിവസമേ ഇവിടെ ഉണ്ടായിരുന്നുള്ളൂവെങ്കിലും ഒരു മാസം ഇവിടെ താമസിച്ചപോലെ തോന്നുവാ."

നിഖില ചിരിച്ചുകൊണ്ടു തല കുലുക്കി.

എല്ലാവരോടും യാത്ര പറഞ്ഞിട്ട് എൽസ മനുവിന്റെ പിന്നാലെ പുറത്തേക്കിറങ്ങി.

കാർ സ്റ്റാർട്ട് ചെയ്തപ്പോൾ അവൾ തിരിഞ്ഞ് തെരേസയെയും നിഖിലയെയും നോക്കി കൈവീശി. അവരും കൈവീശി.

(തുടരും)

# ആവേശമായി സ്കൂൾ കായികമേള



തോമസ് വർഗീസ്



എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ ഓവറോൾ ചാമ്പ്യന്മാരായ തിരുവനന്തപുരം ജില്ലാടീം.

**നാ**ളെയുടെ താരങ്ങളെ കണ്ടെത്താനായുള്ള സംസ്ഥാന സ്കൂൾ കായികമാമാങ്കത്തിൽ എട്ടുദിവസങ്ങളിലായി കൊച്ചിയിലെ 17 വേദികളിൽ 25000 ത്തോളം താരങ്ങളാണ് മാറ്റുരച്ചത്. സവിശേഷപരിഗണന അർഹിക്കുന്ന വിഭാഗത്തിലെ കുട്ടികളുടെ പോരാട്ടത്തിനും ഈ കായികമാമാങ്കം വേദിയായി. കൂടാതെ, ഗൾഫിലെ കേരളാ സിലബസ് സ്കൂളുകളിൽനിന്നുള്ള താരങ്ങൾ ആദ്യമായി സംസ്ഥാന സ്കൂൾ മീറ്റിൽ പങ്കെടുത്തുവെന്നതും ശ്രദ്ധേയമാണ്.

ഗെയിംസും അക്വാട്ടിക്സും നീന്തലും എല്ലാംകൂടി ഒരു കുടക്കീഴിൽ അണിനിരത്താനുള്ള സംഘാടകരുടെ തീരുമാനം ഉചിതമായെങ്കിലും മുന്നൊരുക്കത്തിലെ പോരായ്മ ചില വേദികളിലെങ്കിലും പ്രകടമായിരുന്നു. എട്ടുനാളത്തെ കായികമാമാങ്കം പൂർത്തിയായപ്പോൾ 227 സ്വർണവും 150 വെള്ളിയും 164 വെങ്കലവും ഉൾപ്പെടെ 1935 പോയിന്റോടെ തലസ്ഥാനജില്ലയായ തിരുവനന്തപുരം പ്രഥമ ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിയിൽ മുത്തമിട്ടു. 80 സ്വർണവും 65 വെള്ളിയും 99 വെങ്കലവുമായി തൃശൂർ 848 പോയിന്റോടെ റണ്ണേഴ്സ് അപ്പായപ്പോൾ 64 സ്വർണവും 90 വെള്ളിയും 138 വെങ്കലവുമായി 824 പോയിന്റോടെ മലപ്പുറം ഓവറോൾ ചാമ്പ്യൻ പട്ടികയിൽ മൂന്നാം സ്ഥാനത്തെത്തി.

സബ് ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിലായി അക്വാട്ടിക്സിൽ നടന്ന 103 മത്സരയിനങ്ങളിൽ എഴുപത്തിനാലിലും ഒന്നാമതെത്തിയത് തിരുവനന്തപുരമായിരുന്നു. 74 സ്വർണവും 56 വെള്ളിയും 60 വെങ്കലവുമായി 654 പോയിന്റുകൾ തിരുവനന്തപുരം നീന്തൽക്കുളത്തിൽനിന്നു നേടിയപ്പോൾ 13 സ്വർണവും 21 വെള്ളിയും 12 വെങ്കലവുമുൾപ്പെടെ 162 പോയിന്റാണ് ആതിഥേയരായ എറണാകുളത്തിനു നേടാനായത്. എട്ടു സ്വർണവും 10 വെള്ളിയും ആറു വെങ്കലവുമായി 90 പോയിന്റ് നേടിയ കോട്ടയം നീന്തലിൽ മൂന്നാം സ്ഥാനത്തെത്തി. ഈ വിഭാഗത്തിൽ വ്യക്തിഗത സ്കൂളുകളിൽ 146 പോയിന്റോടെ തിരുവനന്തപുരം കാര്യവട്ടം എം.വി.എച്ച്.എസ്.എസ്. തുണ്ടത്തിൽ ഒന്നാമതെത്തിയപ്പോൾ, പിരപ്പൻകോട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ 63 പോയിന്റുമായി രണ്ടാം സ്ഥാനത്തെത്തി. 61 പോയിന്റോടെ കളമശേരി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മൂന്നാമതും. ഗെയിംസിൽ 37 സ്വർണവും ആറു വെള്ളിയും 10 വെങ്കലവുമായി 213 പോയിന്റുകൾ തിരുവനന്തപുരം ജി.വി രാജാ നേടിയപ്പോൾ 10 സ്വർണവും ഏഴു വെള്ളിയും ഏഴു വെങ്കലവുമായി 78 പോയിന്റോടെ തിരുവനന്തപുരം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളും ഒമ്പതു സ്വർണവും രണ്ടു വെള്ളിയും രണ്ടു വെങ്കലവുമായി 53 പോയിന്റോടെ തിരുവനന്തപുരം കോട്ടൺ ഹിൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തി.



സംസ്ഥാന സ്കൂൾ കായികമേളയിൽ അത്‌ലറ്റിക്സിൽ ഓവറോൾകിരീടം നേടിയ മലപ്പുറം ജില്ലാടീം

## അത്‌ലറ്റിക്സിലെ ചാമ്പ്യൻ സ്കൂൾ പട്ടിക വിവാദം

പുതുക്കിപ്പണിത എറണാകുളം മഹാരാജാസ് സിന്തറ്റിക് ട്രാക്കിലാണ് അത്‌ലറ്റിക്സ് മത്സരങ്ങൾ നടന്നത്. സിന്തറ്റിക് ട്രാക്ക് നിർമിച്ചത് കൂടുതൽ കടുപ്പത്തിലാണെന്ന വിമർശനം ചില കായികാധ്യാപകർ മുന്നോട്ടുവച്ചു. മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മികച്ച പ്രകടനങ്ങളിലും കുറവുണ്ടായി. അഞ്ചു ദിവസങ്ങളിലായി നടന്ന അത്‌ലറ്റിക്സിൽ പിറന്നത് ഒൻപത് റിക്കാർഡുകൾമാത്രം. ഡിസ്കസ് ത്രോയിലും ഷോട്ട്പുട്ടിലും കെ.സി. സർവൻ, 1500 ലും 3000 ലും എം.പി. മുഹമ്മദ് അമീൻ, 110 ഹർഡിൽസിൽ വിജയ്കൃഷ്ണ, പോൾവാൾട്ടിൽ ജീനാ ബേസിൽ, ശിവേദ് രാജീവ് എന്നിവരും 400 മീറ്ററിൽ മുഹമ്മദ് അഷ്ഫാക്കുമാണ് വ്യക്തിഗതയിനങ്ങളിൽ റിക്കാർഡിന് അർഹരായത്. ഗ്രൂപ്പിനത്തിൽ റിലേയിൽ ജൂണിയർ ആൺകുട്ടികളും റിക്കാർഡിന് അർഹരായി.

ദേശീയ കായികരംഗത്ത് എപ്പോഴും അതിശക്തമായ പ്രകടനം നടത്തിയിരുന്ന കേരളം സ്പ്രിന്റ് ഇനങ്ങളിലും മധ്യദൂര ഇനങ്ങളിലും ഒരു പിന്നോട്ടുപോക്കിലാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു ഈ ഇനങ്ങളിലെ 100, 200, 400, ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽ നിലവിലുള്ള സംസ്ഥാന റിക്കാർഡുകൾ ഒന്നും മറികടക്കാൻ ഇക്കുറി കഴിഞ്ഞിട്ടില്ല. മുൻ കാലങ്ങളിലെ ചാമ്പ്യൻ സ്കൂളുകളിൽ കോതമംഗലം മാർ ബേസിൽമാത്രമാണ് പഴയ പടക്കുതിരകളിൽ ഇക്കുറി അല്പമെങ്കിലും പിടിച്ചുനിന്നത്. കഴിഞ്ഞ തവണ മികച്ച പ്രകടനം നടത്തിയ കല്ലടി എച്ച്.എസ്. കുമരംപുത്തൂർ, പറളി എച്ച്.എസ്. എന്നിവർ പിന്നാക്കം പോയി. തിരുനാവായ നാവാമുകുന്ദ, ചീക്കോട് കെ.കെ.എം.എച്ച്.എസ്. തുടങ്ങിയ സ്കൂളുകളുടെ മുന്നേറ്റത്തിനും കൊച്ചി സാക്ഷ്യം വഹിച്ചു.

അത്‌ലറ്റിക്സിലെ ചാമ്പ്യൻജില്ലയെ നിർണയിക്കുന്നതു സംബന്ധിച്ച് മെഡൽദാന സമയത്തു മാത്രമുണ്ടായ പ്രഖ്യാപനം ശരിക്കും മേളയുടെ നിറം കെടുത്തിയെന്നു നിസ്സംശയം പറയാം. സ്കൂൾ കായികമേളയുടെ ചരിത്രത്തിൽ ഇതുവരെ ചാമ്പ്യൻ സ്കൂളിനെ നിർണയിക്കുന്നത് ജനറൽ കാറ്റഗറിയിൽ കൂടുതൽ പോയിന്റ് നേടുന്ന സ്കൂളുകളിൽ നിന്നാണ്. സർക്കാർ പ്രതിദിനഭക്ഷണ അലവൻസും താമസസൗകര്യവും നല്കി പരിശീലനം നല്കുന്ന സ്പോർട്സ് സ്കൂളുകളെയും ജനറൾ സ്കൂളുകളെയും വെവ്വേറെയാക്കിയാണ് പോയിന്റ് പട്ടിക തയാറാക്കിയിരുന്നത്. ഇക്കുറിയും അത്തരത്തിൽത്തന്നെയാണ് പട്ടിക തയാറാക്കിയത്.

ഇതനുസരിച്ച് ജനറൽ കാറ്റഗറിയിൽപ്പെട്ട കടകശേരി ഐഡിയൽ സ്കൂൾ എട്ടു സ്വർണവും 11 വെള്ളിയും ഏഴു വെങ്കലവും ഉൾപ്പെടെ 80 പോയിന്റുകൾ നേടി മികച്ച സ്കൂളായും തിരുനാവായ നാവാമുകുന്ദ രണ്ടു സ്വർണവും ഒമ്പതു വെള്ളിയും ഏഴു സ്വർണവുമടക്കം 44 പോയിന്റുമായി രണ്ടാം സ്ഥാനത്തും കോതമംഗലം മാർ ബേസിൽ നാലു സ്വർണവും ആറു വെള്ളിയുമായി 38 പോയിന്റോടെ മൂന്നാം സ്ഥാനത്തുമെത്തി. എന്നാൽ, മികച്ച സ്കൂളുകൾക്കുള്ള സമ്മാനങ്ങൾക്കായി വിളിച്ചപ്പോൾ രണ്ടാം സ്ഥാനത്തേക്ക് ജി.വി. രാജാ സ്പോർട്സ് സ്കൂളിനെയാണ് ക്ഷണിച്ചത്. ഇതേത്തുടർന്ന് നാവാമുകുന്ദയും മാർ ബേസിലും പ്രതിഷേധവുമായി രംഗത്തെത്തി. എന്നാൽ, പ്രതിഷേധിച്ച വിദ്യാർഥികളോടു കൃത്യമായി വിശദീകരണം നല്കാതെ എ.ആർ. ക്യാമ്പിൽനിന്നുൾപ്പെടെയെത്തിയ പോലീസുകാർ അവരെ മർദിക്കാനും വിരട്ടിയോടിക്കാനുമാണ് ശ്രമിച്ചത്.

സ്കൂൾ കായികമേളനടത്തിപ്പിൽ എന്തെങ്കിലും പരിഷ്കാരമോ മാറ്റമോ ഉണ്ടെങ്കിൽ അതു നേരത്തെ അറിയിക്കാതെ വേദിയിൽ മെഡൽ നല്കുമ്പോൾ പ്രഖ്യാപിക്കുന്നത് എത്രമാത്രം യുക്തിസഹമാണെന്നായിരുന്നു ചാമ്പ്യൻസ്കൂളുകളുടെയും താരങ്ങളുടെയും ചോദ്യം.

ഗംഭീരമായ ഉദ്ഘാടനച്ചടങ്ങിന് വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടിയും പി.ആർ. ശ്രീജേഷും സവിശേഷപരിഗണനയർഹിക്കുന്ന കായികതാരമായ ശ്രീലക്ഷ്മിയും ചേർന്ന് ദീപശിഖ തെളിയിച്ചു. ശ്രീജി ഷാജി കായികതാരങ്ങൾക്കുള്ള പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

മേളയോടനുബന്ധിച്ചു നടന്ന സാംസ്കാരികപരിപാടിയുടെ ഉദ്ഘാടനം ചലച്ചിത്രതാരം മമ്മൂട്ടി നിർവഹിച്ചു. ഔദ്യോഗിക ഉദ്ഘാടനത്തിനുശേഷം നടന്ന സാംസ്കാരികപരിപാടിയിൽ നാലായിരത്തിലധികം കുട്ടികൾ പങ്കെടുത്തു. പി.ടി. ഡിസ്പ്ലേ, കലസ്തെനിക്സ്, എയ്റോബിക്സ്, സൂംബ, അത്തച്ചമയം, ക്വീൻ ഓഫ് അറേബ്യൻ സീ, തിരുവാതിര, പുലികളി, ചെണ്ടമേളം തുടങ്ങിയവ അണിനിരന്നു. ചരിത്രത്തിൽ ആദ്യമായി ഭിന്നശേഷി കുട്ടികൾ കായികമേളയുടെ മത്സരങ്ങൾക്കൊപ്പം പങ്കുചേർന്നു. ■

Deepanalam Weekly
RNI No : 16998/68
Vol. 57 No. 37 Date of Publication 14 November 2024
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ
KERALA'S NO.1 GOLD BUYER
TONY VALLIALIL ACHAYANS GROUP
SINCE 2005
അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY
പാലാ | ഉഴവൂർ | കരിങ്കുന്നം
കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല
Ph: 9072 388 172 | 8590 046 916
CASH FOR GOLD




35 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn. അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം പൊൻകുന്നം
Ph: 9495195739, 9495021259
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A., B.Com - (M.G. University)
Regular, Postal & Holiday Classes
1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം
എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം
+ 2 പരാജിതർക്ക് 3 വിഷയം മാത്രം
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.




കൊറ്റത്തിൽ ആയുർവേദ ഹോസ്പിറ്റൽ
ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org